


VOL NO: 03 | ISSUE 34

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 AUGUST 24 | ₹12

# അന്ത്യനാൾ: ക്വുർആനിലും ശാസ്ത്രത്തിലും

ആവർത്തിക്കപ്പെടുന്ന ഉരുൾപൊട്ടലുകളും ഭൂകമ്പങ്ങളും... നിരന്തരമായ പ്രളയങ്ങളും പേമാരികളും... അന്ത്യനാളിനോടനുബന്ധിച്ച് പ്രവാചകൻ സൂചന നൽകിയ ഒട്ടുമിക്ക അടയാളങ്ങളും പുലർന്നു കഴിഞ്ഞു. പ്രപഞ്ചത്തിന് അവസാനമുണ്ടെന്ന ദൈവിക പ്രഖ്യാപനത്തെ പരിഹസിച്ചവർ പോലും അക്കാര്യത്തെ അംഗീകരിച്ചു കഴിഞ്ഞു. ലോകാവസാനത്തെ കുറിച്ചുള്ള പ്രവാചകാധ്യാപനങ്ങൾ എന്തെല്ലാമാണ്? അതിൽ ശാസ്ത്രവും ചരിത്രവും രേഖപ്പെടുത്തിയത് ഏതെല്ലാമാണ്? വസ്തുനിഷ്ഠമായ പഠനം.

II ലക്ഷ്യബോധമില്ലാത്തവർ

II ബദ്ർ: വിജയത്തോടെ മടക്കം

II വീടു നിർമാണം: പ്രവാസികൾ ലക്ഷ്യം മറക്കുന്നുവോ?

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

**24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...**
**താങ്കൾ കേട്ടു തുടങ്ങിയോ?**



**peaceradio**
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio


Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0136 / 2019 ആഗസ്റ്റ് 24 / ദുൽഹിജ്ജ 22 / പുസ്തകം 3 / ലക്കം / 34




**മുഖമൊഴി**

പ്രളയം ഒരു തുടർക്കഥയാകുന്നുവോ? / 05
എഡിറ്റർ

**ബാലപഥം**

സത്യസന്ധത / 18
അഫ്‌വാന ബിൻത് ലത്തീഫ്

**വിമർശനം**

ബറേൽവികൾ കിരീടാവകാശികളോ?, ഭാഗം: 3 / 20
മൂസ സ്വലാഹി, കാര

**ക്വുർആൻ ദർശനം**

അൽമുദ്ദസ്സിർ (പുതച്ചുമൂടിയവൻ), ഭാഗം: 4 / 24
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ലേഖനം**

വിജയത്തോടെ മടക്കം / 07
ഫദ്‌ലുൽ ഹഖ് ഉമരി

വീടു നിർമാണം:
പ്രവാസികൾ ലക്ഷ്യം മറക്കുന്നുവോ? / 26
നബീൽ പയ്യോളി

**ചരിത്രപഥം**

തുഫൈലുബ്നു അംറ്ﷺ / 30
ഡോ. മുഹമ്മദ് റാഫി ചെമ്പ്ര

**കാഴ്ച**

ലക്ഷ്യബോധമില്ലാത്തവർ / 34
ഇബ്നു അലി എടത്തനാട്ടുകര

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




# പ്രളയത്തിന്റെ കരളലിയിക്കുന്ന നേർക്കാഴ്ചകൾ

കണ്ണുനീരണിയുന്ന പ്രളയത്തിന്റെ നേർക്കാഴ്ചയിൽ നിന്നും നേരനുഭവത്തിൽ നിന്നുമാണീ കുറിപ്പ്.

നിനച്ചിരിക്കാത്ത നേരത്തെത്തിയ മലവെള്ളപ്പാച്ചിലിനൊപ്പം ഒലിച്ചുപോയത് അനേകം കുടുംബങ്ങളുടെ ഇനിയങ്ങോട്ടുള്ള ജീവിത പ്രതീക്ഷകളുമാണ്. അവശേഷിച്ച ചപ്പുചവറുകളും ചളിക്കൂമ്പാരവും മാത്രമാണ് ഗൃഹാന്തരങ്ങളിൽ ഖനീഭവിച്ച മനസ്സുകൾക്ക് കൂട്ടായുള്ളത്.

സന്നദ്ധ പ്രവർത്തകരും പ്രവർത്തനവും ഒരുവേള പകച്ചുപോയ കവളപ്പാറ കേരളത്തിന്റെ കണ്ണുനീരായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടും. കാരണം 50 അടിയിലേറെ കനത്തിൽ കുമിഞ്ഞുകൂടിയ മണ്ണ് സൂക്ഷിച്ചു വെച്ചിട്ടുള്ള മനുഷ്യരുടെ എണ്ണം ഇത് എഴുതുമ്പോഴും അവ്യക്തമാണ്.

അക്ഷരങ്ങളിൽ ഒതുക്കാനാകില്ല ഈ പ്രകൃതി പ്രതിഭാസം ഇട്ടേച്ചുപോയ പ്രയാസങ്ങളുടെ കണക്ക്. സഹജീവി സ്നേഹമുള്ളവർക്ക് സഹിക്കാവുന്നതല്ല ദുരിതം അനുഭവിച്ചവരുടെ സങ്കടക്കഥകൾ.

മതേതര കേരളത്തിന്റെ മനസ്സ് പൂത്തുലഞ്ഞു തന്നെയാണ് നിലകൊള്ളുന്നതെന്ന് അവർ കാഴ്ചവെക്കുന്ന പ്രവൃത്തികളിൽ നിന്ന് വിവേകമുള്ളവർക്ക് വായിച്ചെടുക്കാനാവും.

ഉടുതുണിക്ക് മറുതുണിയില്ലാതെ ക്യാമ്പുകളിലെത്തിയവർക്ക് നൽകാൻ കഴിയുന്നത്ര സഹായങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് ദുരിതബാധിത പ്രദേശങ്ങളിലേക്ക് സഹായങ്ങൾ പ്രവഹിക്കുകയാണ്. ആരും പറഞ്ഞിട്ടോ പ്രേരിപ്പിച്ചിട്ടോ അല്ല. സ്വയം പക്വമതികളായി പ്രവർത്തിക്കാൻ മലയാളിക്ക് നന്നായി കഴിയുമെന്നതിന്റെ നിദർശനം കൂടിയായി മാറിയിട്ടുണ്ട് രണ്ടാം പ്രളയം.

ജീവൻ നഷ്ടപ്പെട്ടവരെ തേടിയും ജീവിതം താളപ്പിഴയിലകപ്പെട്ടവർക്ക് വേണ്ടിയും കലിതുള്ളിക്കൊണ്ടിരിക്കുന്ന പ്രളയത്തിന്റെ രൗദ്രഭാവത്തിന്റെ ഓളങ്ങളെ വകഞ്ഞുമാറ്റി കേരളത്തിലെ മത്സ്യ തൊഴിലാളികളും സൈന്യവും വിവിധ സംഘടനകളും യുവസമൂഹവും നടത്തിയ ഇടപെടലുകൾ നന്ദിയോടെ സ്മരിക്കാതെ വയ്യ.

വരും വർഷങ്ങളിൽ ഇത്തരം അപകടങ്ങൾ ഉണ്ടാവരുതേ എന്ന് ആത്മാർഥമായി പ്രാർഥിക്കുക. നാം ഒരുപാട് മാറേണ്ടതുണ്ട്. ജീവിതത്തിൽ ഒരുപാട് മാറ്റം വരുത്തേണ്ടതുണ്ട്.

ജാതി, മത, വർണ വർഗ വെറികൾക്ക് വെള്ളവും വളവും നൽകുന്നവർ ആ പണിക്ക് അന്ത്യം കുറിക്കണം.

സ്നേഹത്തിനും സൗഹൃദത്തിനും അതിർവരമ്പുകൾ സൃഷ്ടിക്കുന്നവർ മനുഷ്യത്വം മരവിച്ചവരാണെന്നും എല്ലാവരെയും നിറഞ്ഞ മനസ്സോടെ ഹൃദയത്തിലേറ്റാൻ കഴിയുന്നതാണ് മനുഷ്യത്വത്തിന്റെ അടയാളമെന്നും നാം തിരിച്ചറിയണം.

എന്തിന്റെ പേരിലും അഹങ്കരിക്കാൻ പാടില്ലെന്നും അഹങ്കാര മനോഭാവം കടുകുമണിയോളം ഉണ്ടെങ്കിൽ അത് അനാവശ്യവും അർഥശൂന്യവുമാണെന്നും ഇന്നത്തെ മന്നവൻ നാളത്തെ യാചകനായി പരിണമിക്കുവാൻ സെക്കൻറുകൾ മതിയെന്നും അറിയുക. ദുരന്തങ്ങൾ നമ്മെ തേടിയെത്താതിരിക്കുവാൻ പ്രപഞ്ച നാഥനോട് ഉള്ളുരുകി പ്രാർഥിക്കാൻ നമ്മുടെ മനസ്സ് പാകമാവുകയും ചെയ്യേണ്ടതുണ്ട്.

കണ്ടിട്ടും കൊണ്ടിട്ടും പഠിക്കാതെ ദൈവനിഷേധത്തിൽ നിലകൊള്ളുന്നവർ ചിന്തിക്കുക; നിങ്ങൾക്ക് ഇത്തരം ദുരന്തങ്ങളെ തടുക്കുവാൻ കഴിയുമോ? ശാസ്ത്രം കുതിക്കുമ്പോഴും മനുഷ്യൻ കിതയ്ക്കുന്നതിൽ ബുദ്ധിയുള്ളവർക്ക് ദൃഷ്ടാന്തമേറെയുണ്ട്.

**-മുസ്‌ലിം ബിൻ ഹൈദർ**

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# പ്രളയം ഒരു തുടർക്കഥയാകുന്നുവോ?

ഏതാനും ദിവസങ്ങൾക്കു മുമ്പ് മലയാളികൾ മഴയ്ക്കു വേണ്ടി കേഴുകയായിരുന്നു. കർക്കിടക മാസം തുടങ്ങിയിട്ടും മഴ ലഭിക്കാത്തതിനാൽ മഴയെ പഴിപറയുകയായിരുന്നു. കുടിവെള്ളത്തിനായി നെട്ടോട്ടമോടുകയായിരുന്നു. രണ്ടുനേരം കുളിച്ച് ശീലിച്ചവർ ഒരു നേരമെങ്കിലും കുളിക്കാൻ വെള്ളം കിട്ടിയിരുന്നെങ്കിൽ എന്ന് ആശിക്കുകയായിരുന്നു. എല്ലാവർക്കും വേണ്ടത് മഴയായിരുന്നു. ജില്ലാ കളക്ടറോടോ മുഖ്യമന്ത്രിയോടോ പ്രധാനമന്ത്രിയോടോ ചോദിച്ചാൽ കിട്ടുന്നതാണ് മഴയെങ്കിൽ ജനകീയ മുന്നേറ്റം നടത്തിയെങ്കിലും അവരത് നേടിയെടുക്കുമായിരുന്നു. വെള്ളം ലഭിക്കാതായാൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും എന്ത് ചെയ്യാനാകും? പരിമിതമായ തോതിൽ പരിമിതമായ നാളുകളിൽ ജലവിതരണം സാധ്യമായെന്നു വരാം. അതിനപ്പുറം സാധ്യമല്ല.

കുടിക്കാനും കുളിക്കാനും അലക്കാനും കഴുകാനും കാലികളെ കുടിപ്പിക്കാനും കൃഷിചെയ്യാനുമൊക്കെ ആവശ്യമായ വെള്ളം യഥേഷ്ടം ലഭിക്കണമെങ്കിൽ ദൈവം മഴകൊണ്ട് കനിയുക തന്നെ വേണം.

ഒരാഴ്ച മുമ്പ് മഴയ്ക്കായി പ്രാർഥിച്ചിരുന്നവർ ഇന്ന് മഴയൊന്ന് നിലച്ചെങ്കിൽ എന്ന് കേഴുകയാണ്. കേവലം മൂന്നു ദിവസത്തെ മഴ അത്രമാത്രം ദുരിതവും ദുരന്തവുമാണ് വിതച്ചിരിക്കുന്നത്. മരണപ്പെട്ടവരുടെ കൃത്യമായ എണ്ണം അറിവായിട്ടില്ല. എത്ര വീടുകൾ പൂർണമായി തകർന്നുവെന്നും ഭാഗികമായി തകർന്നുവെന്നും എത്ര വീടുകളും കടകമ്പോളങ്ങളുമാണ് വെള്ളത്തിൽ മുങ്ങിയിട്ടുള്ളതെന്നുമൊക്കെ കൃത്യമായി പറയാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക നഷ്ടത്തിന്റെ കണക്കെടുപ്പിന് സാധിച്ചിട്ടില്ല. മഴ ഇങ്ങനെ തന്നെ ശക്തമായി തുടരുകയാണെങ്കിൽ ഡാമുകൾ മിക്കതും തുറക്കേണ്ടിവരും. അതോടെ പ്രളയത്തിന്റെ രൂക്ഷത വർധിക്കും; ഒപ്പം നാശനഷ്ടങ്ങളുടെ വ്യാപ്തിയും.

എത്ര വേഗതയിലാണ് ഗ്രാമങ്ങളും നഗരങ്ങളും കായലുകൾക്കു സമാനമായത്! സ്വന്തം വീട്ടിൽ സമാധാനത്തോടെ ഉറക്കത്തിലാണ്ടവർ ശക്തമായ ഉരുൾപൊട്ടലിൽ വീടോടെ മണ്ണിനടിയിലായത് നിമിഷങ്ങൾക്കുള്ളിലാണ്. നിരവധി പാലങ്ങൾ തകർന്നു. റോഡുകൾ പലസ്ഥലങ്ങളിലും നിശ്ശേഷം ഇല്ലാതായി. പലയിടങ്ങളിലും പൊട്ടിപ്പൊളിഞ്ഞു. തകർന്നടിഞ്ഞ വീടുകളും നശിച്ച കൃഷികളും ജീവൻ നഷ്ടമായ കന്നുകാലികളും... അതിലെല്ലാമുപരി അത്താണി നഷ്ടപ്പെട്ട കുടുംബങ്ങൾ, വിധവകളായ സ്ത്രീകൾ, അനാഥരായ കുഞ്ഞുങ്ങൾ... തകർന്നടിഞ്ഞ സ്വപ്നസൗധങ്ങൾ... അതെ, നഷ്ടത്തിന്റെ കണക്കുകൾ മാത്രം ബാക്കി.

മഴയും മഴക്കാലവും കേരളത്തിൽ ആദ്യമല്ല. അടുത്ത കാലത്തായി മഴക്കാലം വന്നാൽ പ്രളയത്തിലേക്ക് വഴിമാറുന്നതെന്തുകൊണ്ടായിരിക്കും? മലകളും കുന്നുകളും അപ്പാടെ കുത്തിയൊലിച്ചിറങ്ങാൻ കാരണമെന്ത്? പുഴകൾ കരകവിഞ്ഞും ഗതിമാറിയും ഒഴുകാനും മഴ നിലച്ചാൽ പെട്ടെന്നു തന്നെ നീരൊഴുക്ക് കുറയാനും ഹേതുവെന്ത്? കിണറുകളും മറ്റു ജലസ്രോതസ്സുകളും അതിവേഗം വറ്റുന്നതെന്തുകൊണ്ട്?

മനുഷ്യകരങ്ങൾക്ക് ഇതിൽ പങ്കില്ലേ? അശാസ്ത്രീയവും അമിതവുമായ പ്രകൃതി ചൂഷണം, (പാറപൊട്ടിക്കൽ, മണ്ണെടുക്കൽ, മണലൂറ്റൽ, വനനശീകരണം....) സ്വാഭാവികമായ ഒഴുക്കിനെ തടയുംവിധം പുഴയോരങ്ങൾ കയ്യേറൽ, പാടങ്ങൾ മണ്ണിട്ടു മൂടി വീടുകളും മറ്റും നിർമിക്കൽ ഇങ്ങനെ പല ഘടകങ്ങളും ഇതിനെല്ലാം കാരണമായിത്തീരുന്നില്ലേ? പുഴകളുടെ ഇരുഭാഗത്തുമുള്ള പാടങ്ങളിൽ നെൽകൃഷിയുണ്ടായിരുന്ന കാലത്ത് സമീപത്തുള്ള വീടുകളിലെ കിണറുകളിലും കുളങ്ങളിലും വെള്ളം സമൃദ്ധമായിരുന്നു എന്നത് ഓർക്കുക.

ദുരിത ബാധിതരുടെ പ്രയാസങ്ങൾക്ക് പരിഹാരം വേണം. എല്ലാം ഞൊടിയിടക്കുള്ളിൽ നടക്കില്ല. എങ്കിലും സാധ്യമാകുന്നത്ര വേഗത്തിലാകണം. പ്രശ്ന പരിഹാരത്തിന് ഏകോപിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. എല്ലാറ്റിലുമുപരി സർവശക്തനോട് പ്രാർഥിക്കുക. ഏത് പ്രയാസവും നീക്കിത്തരുവാൻ കഴിവുള്ളത് അവന് മാത്രമാണ്. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com





ബദ്ർ യുദ്ധം

# വിജയത്തോടെ മടക്കം

**ബ**ദ്ർ യുദ്ധം അവസാനിച്ചപ്പോൾ 24 ക്വുറൈശീ പ്രമാണികളെ അവർ മരിച്ചുകിടക്കുന്ന സ്ഥാനത്തു നിന്ന് നീക്കം ചെയ്യുവാനും ബദ്‌റിലുള്ള ഒരു ഒഴിഞ്ഞ കിണറ്റിലേക്ക് കൊണ്ടുപോയി തള്ളാനും നബിﷺകൽപിച്ചു. ഉമയ്യതുബ്‌നു ഖലഫ് ഒഴികെ ബാക്കിയുള്ള എല്ലാവരെയും നബിﷺയുടെ കൽപന പ്രകാരം സ്വഹാബികൾ കിണറ്റിൽ കൊണ്ട് പോയി തള്ളി. ഉമയ്യയുടെ ശരീരം പടയങ്കിക്കകത്ത് കിടന്നുകൊണ്ട് തന്നെ ചീർത്ത് കഴിഞ്ഞിരുന്നു. ഉമയ്യയുടെ ശരീരം നീക്കം ചെയ്യാൻ ശ്രമിച്ചപ്പോൾ അവയവങ്ങൾ വേറിട്ട് പോരുകയായിരുന്നു. അത് അവിടെത്തന്നെ കല്ലും മണ്ണും ഇട്ടു മൂടി. ക്വുറൈശീ പ്രമാണികളെ കിണറ്റിലേക്ക് ഇട്ടതിനു ശേഷം അതിന്റെ സമീപത്ത് പോയി നിന്നു കൊണ്ട് നബിﷺ ഓരോരുത്തരുടെയും പേര് വിളിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവിനെയും അ

വന്റെ റസൂലിനെയും നിങ്ങൾ അനുസരിക്കുകയാണെങ്കിൽ എത്ര നന്നായിരുന്നു. ഞങ്ങളുടെ റബ്ബ് നിങ്ങൾക്ക് വാഗ്ദാനം ചെയ്തതെല്ലാം ലഭിച്ചു. നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് വാഗ്ദാനം ചെയ്തത് ലഭിച്ചുവോ?' ഇത് കണ്ടപ്പോൾ ഉമർﷺ ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, ആത്മാവില്ലാത്ത ശരീരങ്ങളോടാണോ നിങ്ങൾ സംസാരിക്കുന്നത്?' അപ്പോൾ നബിﷺ പറഞ്ഞു: 'മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, ഞാൻ പറയുന്ന കാര്യം അവർ കേൾക്കുന്നതിനെക്കാൾ കൂടുതൽ നിങ്ങൾ കേൾക്കുന്നവർ അല്ല.' ക്വതാദﷺ പറയുന്നു: 'ദുഃഖവും സങ്കടവും ശിക്ഷയും ആക്ഷേപവും എല്ലാം അവരെ അറിയിക്കുന്നതിനു വേണ്ടി നബിയുടെ സംസാരം കേൾക്കാൻ അല്ലാഹു അവർക്ക് ജീവൻ നൽകിയതാണ്' (ബുഖാരി: 3976. മുസ്‌ലിം: 2875).

ഇപ്രകാരം അല്ലാഹു അസത്യത്തെ തകർത്തുകളഞ്ഞു. അതിന്റെ നായകന്മാരെയും നശിപ്പിച്ചു. എന്നെന്നേക്കുമായി അവരെ നിന്ദിക്കുകയും ചെയ്തു.

"അല്ലാഹുവിന്റെ അനുഗ്രഹത്തിന് (നന്ദികാണിക്കേണ്ടതിനു) പകരം നന്ദികേട് കാണിക്കുകയും തങ്ങളുടെ ജനതയെ നാശത്തിന്റെ ഭവനത്തിൽ ഇറക്കിക്കളയുകയും ചെയ്ത ഒരു വിഭാഗത്തെ നീ കണ്ടില്ലേ? അഥവാ നരകത്തിൽ. അതിൽ അവർ എരിയുന്നതാണ്. അത് എത്ര മോശമായ താമസസ്ഥലം! അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) തെറ്റിച്ചുകളയാൻ വേണ്ടി അവർ അവന്ന് ചില സമൻമാരെ ഉണ്ടാക്കി വെച്ചിരിക്കുന്നു. പറയുക: നിങ്ങൾ സുഖിച്ച് കൊള്ളൂ. നിങ്ങളുടെ മടക്കം നരകത്തിലേക്ക് തന്നെയാണ്" (ക്വുർആൻ 14: 28-30).

മുസ്‌ലിംകളുടെ വിജയത്തോടു കൂടി യുദ്ധം അവസാനിക്കുകയും യുദ്ധാർജിത സ്വത്തും (ഗനീമത്ത്) ബന്ധികളും എടുക്കപ്പെടുകയും ചെയ്തപ്പോൾ നബിയോട് ഇപ്രകാരം പറയപ്പെട്ടു: 'താങ്കൾ കച്ചവട സംഘത്തിന്റെ കാര്യം ശ്രദ്ധിക്കുക. അവിടെ ആരും തന്നെ ഇല്ല.' അപ്പോൾ ബന്ധികളുടെ കൂട്ടത്തിൽ നിന്നും അബ്ബാസ് ഉറക്കെ ഇപ്രകാരം വിളിച്ചു പറഞ്ഞു: 'അത് മുഹമ്മദിന് ഒരിക്കലും യോജിച്ചതല്ല.' നബിﷺ ചോദിച്ചു: 'എന്തുകൊണ്ട്?' അപ്പോൾ അബ്ബാസ് പറഞ്ഞു: 'അത് നിനക്ക് ഒരിക്കലും യോജിച്ചതല്ല.' നബിﷺ വീണ്ടും ചോദിച്ചു: 'എന്തുകൊണ്ട്?' അപ്പോൾ അബ്ബാസ് പറഞ്ഞു: 'രണ്ടു സംഘങ്ങളിൽ ഒന്നിനെയാണ് അല്ലാഹു നിനക്ക് വാഗ്ദാനം ചെയ്തിട്ടുള്ളത്. നിനക്ക് വാഗ്ദാനം ചെയ്തത് നൽകിക്കഴിഞ്ഞിട്ടുണ്ട്' (അഹ്മദ് 2022).

ക്വുറൈശികളുടെ നായകനായ അബൂജഹൽ ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. പ്രായം കൊണ്ടും അനുഭവ ജ്ഞാനം കൊണ്ടും വളരെ ചെറിയവരായ മുആദുബ്നു അഫ്റാഅ്, മുആദുബ്നു അംറുബ്നു ജമൂഹ് എന്നീ രണ്ടു കുട്ടികളാണ് അബൂജഹലിനെ കൊലപ്പെടുത്തിയത്. അബ്ദുറഹ്മാൻ ഇബ്നു ഔഫ് പറയുന്നു: "ബദ്റിന്റെ ദിവസം ഞാൻ അണിയിൽ നിൽക്കുകയായിരുന്നു. ഞാൻ എന്റെ ഇടതും വലതും നോക്കി. അപ്പോൾ അൻസ്വാറുകളിൽ പെട്ട രണ്ടു കുട്ടികളുടെ ഇടയിലായിരുന്നു ഞാൻ. രണ്ടുപേരും വളരെ പ്രായം കുറഞ്ഞവരായിരുന്നു. അവരെക്കാൾ താഴെയായിരുന്നു ഞാൻ എങ്കിൽ എന്ന് ആഗ്രഹിച്ചു പോയി. അവരിൽ ഒരാൾ എന്നെ നോക്കിക്കൊണ്ട് ചോദിച്ചു: 'അല്ലയോ പിതൃവ്യാ, നിങ്ങൾ അബൂജഹലിനെ അറിയുമോ?' ഞാൻ പറഞ്ഞു: 'അതെ, അറിയാം. നിനക്ക് എന്തിനാണ് അബൂജഹലിനെ?' അപ്പോൾ ആ കുട്ടി പറഞ്ഞു: 'അബൂജഹൽ അല്ലാഹുവിന്റെ പ്രവാചകനെ അസഭ്യം പറയുന്നു എന്ന് ഞാൻ കേട്ടിട്ടുണ്ട്. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, അവനെ എന്റെ കയ്യിൽ കിട്ടിയാൽ ഞങ്ങളിൽ ഒരാൾ മരിക്കുന്നതു വരെ ഞാനവനെ വിടുകയില്ല.' അബ്ദുറഹ്മാൻ ഇബ്നു ഔഫ്ﷺ പറയുന്നു:

**മുസ്‌ലിംകൾക്ക് വിജയം പൂർണമായപ്പോൾ മദീനയിലേക്ക് നബിﷺഎത്തുന്നതിനു മുമ്പു തന്നെ സന്തോഷ വാർത്ത അറിയിക്കുവാൻ ആളെ അയച്ചു. അബ്ദുല്ലാഹിബ്നു റവാഹﷺ, സൈദ് ഇബ്നു ഹാരിസﷺ എന്നിവരെയാണ് നബിﷺ അയച്ചത്. നബിയുടെ ഒട്ടകപ്പുറത്താണ് അവർ പോയത്. അല്ലാഹു അക്ബർ എന്നും ലാഇലാഹഇല്ലല്ലാഹ് എന്നും ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ട് അവർ മദീനയിൽ ചുറ്റി നടന്നു. വമ്പിച്ച വിജയത്തെക്കുറിച്ചുള്ള സന്തോഷവാർത്ത അവർ മദീനക്കാരെ അറിയിക്കുകയും ചെയ്തു. യുദ്ധം കഴിഞ്ഞതിനു ശേഷവും നബിﷺ ബദ്റിൽ തന്നെ മൂന്ന് ദിവസം ശേഷം മദീനയിലേക്ക് മടങ്ങി. നബിയോടൊപ്പം മുശ്രിക്കുകളിൽ നിന്ന് പിടിക്കപ്പെട്ട എഴുപത് ബന്ധികളും ഗനീമത്ത് സ്വത്തും ഉണ്ടായിരുന്നു. സർവ സ്തുതിയും അല്ലാഹുവിന്. അവനെക്കൊണ്ടാണ് എല്ലാ നന്മകളും പൂർത്തീകരിക്കപ്പെടുന്നത്.**

‘ആ കുട്ടിയുടെ വാക്കു കേട്ട് എനിക്ക് അത്ഭുതം തോന്നി. അടുത്തു നിന്നിരുന്ന അടുത്ത കുട്ടിയും ഇതു തന്നെ ചോദിച്ചു. ഈ സന്ദർഭത്തിൽ അബൂജഹൽ ആളുകൾക്കിടയിലൂടെ നടക്കുന്നത് ഞാൻ കണ്ടു. ആ കുട്ടികൾക്ക് അബൂജഹലിനെ കാണിച്ചു കൊടുത്തു കൊണ്ട് പറഞ്ഞു; അതാണ് നിങ്ങൾ ചോദിക്കുന്ന വ്യക്തി. രണ്ടുപേരും അതിവേഗതയിൽ അബൂജഹലിനെ സമീപിക്കുകയും തങ്ങളുടെ വാളുകൾ കൊണ്ട് കൊണ്ട് വെട്ടി കൊലപ്പെടുത്തുകയും ചെയ്ത ശേഷം നബിയുടെ അടുക്കൽ ചെന്നു. നബിﷺയെ അവർ വിവരം അറിയിക്കുകയും ചെയ്തു. നബിﷺ ചോദിച്ചു: ‘നിങ്ങളിൽ ആരാണ് അബൂജഹലിനെ കൊന്നത്?’ രണ്ടു പേരും ഒരേ ശബ്ദത്തിൽ പറഞ്ഞു: ‘ഞാനാണ് കൊന്നത്.’ നബിﷺ ചോദിച്ചു: ‘അബൂജഹലിനെ കൊന്നതിനു ശേഷം നിങ്ങളുടെ വാൾ നിങ്ങൾ തുടച്ചിട്ടുണ്ടോ?’ അവർ രണ്ടുപേരും പറഞ്ഞു: ‘ഇല്ല.’ രണ്ടു പേരുടെയും വാളിലേക്ക് നോക്കിക്കൊണ്ട് നബിﷺ പറഞ്ഞു: ‘നിങ്ങൾ രണ്ടുപേരുമാണ് അബൂജഹലിനെ കൊന്നത്...”(ബുഖാരി: 3141, മുസ്‌ലിം: 1752).



യുദ്ധം കഴിഞ്ഞ ശേഷം അബൂജഹലിന്റെ അവസ്ഥയറിയാൻ നബിﷺ ആളെ അയച്ചു. കൊല്ലപ്പെട്ടവരുടെ കൂട്ടത്തിൽ അബ്ദുല്ലാഹിബ്നു മസ്ഊദ്رضي الله عنه അബൂജഹലിനെ കണ്ടു. അയാളുടെ തല മുറിച്ചെടുത്ത് പ്രവാചകന്റെ മുമ്പിലേക്ക് ചെന്നു.

മുസ്‌ലിംകൾക്ക് വിജയം പൂർണമായപ്പോൾ മദീനയിലേക്ക് നബിﷺ എത്തുന്നതിനു മുമ്പു തന്നെ സന്തോഷ വാർത്ത അറിയിക്കുവാൻ ആളെ അയച്ചു. അബ്ദുല്ലാഹിബ്നു റവാഹرضي الله عنه, സൈദ് ഇബ്നു ഹാരിസرضي الله عنه എന്നിവരെയാണ് നബിﷺ അയച്ചത്. നബിയുടെ ഒട്ടകപ്പുറത്താണ് അവർ പോയത്. അല്ലാഹു അക്ബർ എന്നും ലാഇലാഹഇല്ലല്ലാഹ് എന്നും ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ട് അവർ മദീനയിൽ ചുറ്റി നടന്നു. വമ്പിച്ച വിജയത്തെക്കുറിച്ചുള്ള സന്തോഷവാർത്ത അവർ മദീനക്കാരെ അറിയിക്കുകയും ചെയ്തു.

യുദ്ധം കഴിഞ്ഞതിനു ശേഷവും നബിﷺ ബദ്റിൽ തന്നെ മൂന്ന് ദിവസം ശേഷം മദീനയിലേക്ക് മടങ്ങി. നബിയോടൊപ്പം മുശ്‌രിക്കുകളിൽ നിന്ന് പിടിക്കപ്പെട്ട എഴുപത് ബന്ധികളും ഗനീമത്ത് സ്വത്തും ഉണ്ടായിരുന്നു. സർവ സ്തുതിയും അല്ലാഹുവിന്. അവനെക്കൊണ്ടാണ് എല്ലാ നന്മകളും പൂർത്തീകരിക്കപ്പെടുന്നത്.

“നിങ്ങൾ ഭൂമിയിൽ ബലഹീനരായി ഗണിക്കപ്പെട്ടിരുന്ന കുറച്ച് പേർ മാത്രമായിരുന്ന സന്ദർഭം നിങ്ങൾ ഓർക്കുക. ജനങ്ങൾ നിങ്ങളെ റാഞ്ചിയെടുത്ത് കളയുമെന്ന് നിങ്ങൾ ഭയപ്പെട്ടിരുന്നു. എന്നിട്ട് അവൻനിങ്ങൾക്ക് ആശ്രയം നൽകുകയും അവന്റെ സഹായം കൊണ്ട് നിങ്ങൾക്ക് പിൻബലം നൽകുകയുംവിശിഷ്ട വസ്തുക്കളിൽ നിന്ന് നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരാകാൻ വേണ്ടി” (ക്വുർആൻ 8:26).

മുസ്‌ലിംകൾ ബദ്റിൽ നിന്നും മടങ്ങുന്നതിനു മുമ്പ് ഗനീമത്ത് സ്വത്തിന്റെ പേരിൽ ചെറിയ ഭിന്നത ഉണ്ടായി. കാരണം, ഗനീമത്ത് സ്വത്ത് എന്തു ചെയ്യണമെന്ന നിയമം അന്ന് ഇറങ്ങിയിരുന്നില്ല. അങ്ങനെയാണ് സൂറതുൽ അൻഫാലിലെ വചനം അല്ലാഹു അവതരിപ്പിക്കുന്നത്.

“(നബിയേ,) നിന്നോടവർ യുദ്ധത്തിൽ നേടിയ സ്വത്തുക്കളെപ്പറ്റി ചോദിക്കുന്നു. പറയുക: യുദ്ധത്തിൽ നേടിയ സ്വത്തുക്കൾ അല്ലാഹുവിനും അവന്റെ റസൂലിനുമുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നിങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുക. നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവെയും റസൂലിനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക” (ക്വുർആൻ 8:1).

ഭിന്നതക്കുള്ള കാരണം ഇതായിരുന്നു; യുദ്ധം നടന്നുകൊണ്ടിരിക്കെ ഒരു വിഭാഗം ആളുകൾ ശ

ത്രുക്കളെ പരാജയപ്പെടുത്തിക്കൊണ്ടും അവരെ കൊലപ്പെടുത്തിക്കൊണ്ടും മുന്നോട്ടു നീങ്ങി. മറ്റൊരു വിഭാഗം ആളുകൾ പ്രവാചകനെ സംരക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. അൽപം ചില ആളുകൾ ഗനീമത്ത് സ്വത്ത് സമാഹരിച്ചുകൊണ്ടിരിക്കുകയായിരുന്നു. എല്ലാവരും രാത്രിയിൽ ഒത്തു കൂടിയപ്പോൾ ഗനീമത്ത് സ്വത്ത് സമാഹരിച്ച ആളുകൾ പറഞ്ഞു: 'ഞങ്ങളാണ് ഇത് ഒരുമിച്ചു കൂട്ടിയത്. അതുകൊണ്ട് ഇതിൽ മറ്റാർക്കും പങ്കില്ല.' ശത്രുക്കളെ പരാജയപ്പെടുത്തിക്കൊണ്ട് മുന്നോട്ട് നീങ്ങിയ ആളുകൾ പറഞ്ഞു: 'ഞങ്ങളാണ് നിങ്ങളെക്കാൾ അതിനർഹർ. കാരണം, ഞങ്ങളാണ് ശത്രുക്കളെ പരാജയപ്പെടുത്തിയത്.' പ്രവാചകന്റെ സംരക്ഷണത്തിനായി നിന്ന ആളുകൾ പറഞ്ഞു: 'ഞങ്ങളാണ് അതിന് അർഹരായിട്ടുള്ളത്. പ്രവാചകനെ ശത്രുക്കൾ ചതിച്ചു കൊല്ലുമോ എന്ന ഭയം ഞങ്ങൾക്കുണ്ടായിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ പ്രവാചകന്റെ കൂടെ നിന്നത്.' ഈ അവസരത്തിലാണ് സൂറതുൽ അൻഫാലിലെ ഒന്നാമത്തെ വചനം അവതരിച്ചത്. (അഹ്മദ്: 22762).

അങ്ങനെ അല്ലാഹു കൽപിച്ചതു പോലെ ബദ്റിൽ പങ്കെടുത്ത ആളുകൾക്കിടയിലായി ഗനീമത്ത് സ്വത്ത് വീതിക്കപ്പെട്ടു:

"നിങ്ങൾ (യുദ്ധത്തിൽ) നേടിയെടുത്ത ഏതൊരു വസ്തുവിൽ നിന്നും അതിന്റെ അഞ്ചിലൊന്ന് അല്ലാഹുവിനും റസൂലിനും (റസൂലിന്റെ) അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും പാവപ്പെട്ടവർക്കും വഴിപോക്കൻമാർക്കും ഉള്ളതാണെന്ന് നിങ്ങൾ മനസ്സിലാക്കുവിൻ. അല്ലാഹുവിലും സത്യാസത്യവിവേചനത്തിന്റെ ദിവസത്തിൽ അഥവാ ആ രണ്ടു സംഘങ്ങൾ ഏറ്റുമുട്ടിയ ദിവസത്തിൽ നമ്മുടെ ദാസന്റെ മേൽ നാം അവതരിപ്പിച്ചതിലും നിങ്ങൾ വിശ്വസിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ. അല്ലാഹു ഏതൊരു കാര്യത്തിനും കഴിവുള്ളവനാകുന്നു" (ക്വുർആൻ 8:41).

**ചില പ്രത്യേകമായ കാരണങ്ങളാലും നബിﷺ ഏൽപിച്ച ഉത്തരവാദിത്തങ്ങളാലും ബദ്റിൽ പങ്കെടുത്തിട്ടില്ലാത്ത ഒമ്പത് സ്വഹാബികൾക്കും നബിﷺ വിഹിതം നിശ്ചയിച്ചു. സ്വഫ്റാഅ് എന്ന സ്ഥലത്ത് വെച്ചു കൊണ്ടായിരുന്നു ഗനീമത്ത് സ്വത്തിന്റെ വീതം വെക്കൽ ഉണ്ടായത്. മദീനയിലേക്ക് മടങ്ങുന്ന വഴിയിലുള്ള സ്ഥലമായിരുന്നു അത്. അഞ്ചിൽ ഒന്ന് മാറ്റിവെച്ച് ബാക്കിയെല്ലാം മുസ്‌ലിംകൾക്കിടയിൽ വീതിച്ചു. ദുൽഫുഖാർ എന്ന വാളാണ് അന്ന് നബിﷺക്ക് വിഹിതമായി ലഭിച്ചത്. ശേഷം അത് അലി﵁ക്ക് നൽകുകയുണ്ടായി. അബൂജഹലിന്റെ ഒട്ടകവും നബിക്കാണ് ലഭിച്ചത്. ഹുദൈബിയ സന്ധിയുടെ സന്ദർഭത്തിൽ ഈ ഒട്ടകത്തെ നബിﷺ ബലിയറുക്കുകയും ചെയ്തു. മുഹമ്മദ് നബിﷺയുടെ സമുദായത്തിന് പ്രത്യേകമായി അല്ലാഹു നൽകിയ ഒന്നായിരുന്നു ഗനീമത്ത് സ്വത്ത്. ബദ്ർ യുദ്ധം തന്നെയായിരുന്നു അതിന്റെ തുടക്കവും.**

ചില പ്രത്യേകമായ കാരണങ്ങളാലും നബിﷺ ഏൽപിച്ച ഉത്തരവാദിത്തങ്ങളാലും ബദ്റിൽ പങ്കെടുത്തിട്ടില്ലാത്ത ഒമ്പത് സ്വഹാബികൾക്കും നബിﷺ വിഹിതം നിശ്ചയിച്ചു. സ്വഫ്റാഅ് എന്ന സ്ഥലത്ത് വെച്ചു കൊണ്ടായിരുന്നു ഗനീമത്ത് സ്വത്തിന്റെ വീതം വെക്കൽ ഉണ്ടായത്. മദീനയിലേക്ക് മടങ്ങുന്ന വഴിയിലുള്ള സ്ഥലമായിരുന്നു അത്. അഞ്ചിൽ ഒന്ന് മാറ്റിവെച്ച് ബാക്കിയെല്ലാം മുസ്‌ലിംകൾക്കിടയിൽ വീതിച്ചു. ദുൽഫുഖാർ എന്ന വാളാണ് അന്ന് നബിﷺക്ക് വിഹിതമായി ലഭിച്ചത്. ശേഷം അത് അലി﵁ക്ക് നൽകുകയുണ്ടായി. അബൂജഹലിന്റെ ഒട്ടകവും നബിക്കാണ് ലഭിച്ചത്. ഹുദൈബിയ സന്ധിയുടെ സന്ദർഭത്തിൽ ഈ ഒട്ടകത്തെ നബിﷺ ബലിയറുക്കുകയും ചെയ്തു. മുഹമ്മദ് നബിയുടെ സമുദായത്തിന് പ്രത്യേകമായി അല്ലാഹു നൽകിയ ഒന്നായിരുന്നു ഗനീമത്ത് സ്വത്ത്. ബദ്ർ യുദ്ധം തന്നെയായിരുന്നു അതിന്റെ തുടക്കവും.

"എന്നാൽ (യുദ്ധത്തിനിടയിൽ) നിങ്ങൾ നേടിയെടുത്തതിൽ നിന്ന് അനുവദനീയവും ഉത്തമവുമായത് നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 8:69).

ഗനീമത്തായി ലഭിച്ച സ്വത്ത് ഒരുമിച്ചുകൂട്ടി വെക്കുകയും ആകാശത്തുനിന്നും തീ വന്നു അതിനെ തിന്നുകയും ചെയ്യുന്ന രീതിയായിരുന്നു മുൻ സമുദായങ്ങളിൽ ഉണ്ടായിരുന്നത്. ഈ ഉമ്മത്തിന്റെ ദുർബലതയും അശക്തതയുമാണ് ഗനീമത്ത് സ്വത്ത് അവർക്ക് അനുവദിച്ചു കൊടുക്കാനുള്ള കാരണം. (ബുഖാരി: 3124, മുസ്‌ലിം: 1747). ●

ഡോ. പി.കെ അബ്ദുറസാക്ക് സുല്ലമി
abdurazaksullamy@gmail.com

കവർ സ്റ്റോറി



# അന്ത്യനാൾ
# ക്വുർആനിലും ശാസ്ത്രത്തിലും

**ആവർത്തിക്കപ്പെടുന്ന ഉരുൾപൊട്ടലുകളും ഭൂകമ്പങ്ങളും... നിരന്തരമായ പ്രളയങ്ങളും പേമാരികളും... അന്ത്യനാളിനോടനുബന്ധിച്ച് പ്രവാചകൻ സൂചന നൽകിയ ഒട്ടുമിക്ക അടയാളങ്ങളും പുലർന്നു കഴിഞ്ഞു. പ്രപഞ്ചത്തിന് അവസാനമുണ്ടെന്ന ദൈവിക പ്രഖ്യാപനത്തെ പരിഹസിച്ചവർ പോലും അക്കാര്യത്തെ അംഗീകരിച്ചു കഴിഞ്ഞു. ലോകാവസാനത്തെ കുറിച്ചുള്ള പ്രവാചകാധ്യാപനങ്ങൾ എന്തെല്ലാമാണ്? അതിൽ ശാസ്ത്രവും ചരിത്രവും രേഖപ്പെടുത്തിയത് ഏതെല്ലാമാണ്? വസ്തുനിഷ്ഠമായ പഠനം.**

## ഈ പ്രപഞ്ചത്തിന് ഒരു അന്ത്യമുണ്ടോ?

ഏറെക്കുറെ എല്ലാ മതങ്ങളും ലോകത്തിന് ഒരു അന്ത്യമുണ്ട് എന്ന് അംഗീകരിക്കുന്നുണ്ട്. ശാസ്ത്രവും ഈ കാര്യം അംഗീകരിക്കുന്നുണ്ട്. അത് എങ്ങനെയായിരിക്കും എന്ന കാര്യത്തിൽ വ്യത്യസ്തമായ കാഴ്ചപ്പാടുകളാണുള്ളത്. ലോകത്തിന് ഒരു അന്ത്യമുണ്ട് എന്ന് ഇസ്‌ലാം വ്യക്തമായി തന്നെ പറയുന്നു. അത് പിന്നീട് ചർച്ച ചെയ്യാം.

ശാസ്ത്രം പ്രപഞ്ചത്തിന്റെ അന്ത്യത്തെക്കുറിച്ച് എന്ത് പറയുന്നു? രണ്ട് നിഗമനങ്ങളാണ് ഇക്കാര്യത്തിൽ ശാസ്ത്രത്തിനുള്ളത്.

1. Physical cosmology അഥവാ ഭൗതിക പ്രപഞ്ചശാസ്ത്ര പ്രകാരം ഇന്ത്യൻ ശാസ്ത്രജ്ഞരായ ഡോ.ജയന്ത്.വി.നർളിക്കർ (1938ൽ ജനിച്ചു) അവതരിപ്പിച്ച ഒരു സിദ്ധാന്തമാണ്

സ്ഥിരാവസ്ഥാ സിദ്ധാന്തം (Quasi steadystate theory). മില്യൻ കണക്കിന് വർഷങ്ങൾ കൊണ്ട് പ്രപഞ്ചത്തിന്റെ വികാസം (Expanding) തിരിച്ച് വരും. അങ്ങനെ വീണ്ടും ഒരു ആദിമ പിണ്ഡമായി വീണ്ടും മഹാ വിസ്ഫോടനം ഉണ്ടാകും എന്നാണ് ഈ സിദ്ധാന്തത്തിലൂടെ അദ്ദേഹം അവതരിപ്പിച്ചത്.

2. പ്രപഞ്ച വികാസം ഇനിയും 500 കോടി വർഷം തുടരും. അപ്പോഴേക്കും താപനില കുറഞ്ഞ് കുറഞ്ഞ് പ്രപഞ്ചം മരവിച്ചു പോകും. ചലനം നിൽക്കും. സൂര്യന് ചുറ്റുമുള്ള പ്രപഞ്ചത്തിൽ സമയം പോലും നിശ്ചലമാകും. ഈ നിഗമനത്തിന് Big freeze (വമ്പിച്ച മരവിപ്പ്) അല്ലെങ്കിൽ Big crunch(വൻതകർച്ച) എന്നാണ് പറയുന്നത്.

പ്രപഞ്ചത്തിന് ഒരു അന്ത്യമുണ്ട് എന്ന് ശാസ്ത്രവും സമ്മതിക്കുന്നു എന്നർഥം. എന്നാൽ അതിൽ നിന്ന് വളരെ വിഭിന്നമായ ഒരു ലോകാവസാനമാണ് ക്വുർആനും പ്രവാചകവചനങ്ങളും (ഹദീഥുകൾ) മനസ്സിലാക്കിത്തരുന്നത്. ഈ വിഷയം നമുക്ക് ചർച്ച ചെയ്യാം.

അന്ത്യനാളിന്റെ തീയതിയും സമയവും അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയില്ല. അല്ലാഹു ആർക്കും അത് അറിയിച്ച് കൊടുത്തിട്ടുമില്ല. അല്ലാഹു പറയുന്നു:

“അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു; അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്. അതിന്റെ സമയത്ത് അത് വെളിപ്പെടുത്തുന്നത് അവൻ മാത്രമാകുന്നു. ആകാശങ്ങളിലും ഭൂമിയിലും അത് ഭാരിച്ചതായിരിക്കുന്നു. പെട്ടെന്നല്ലാതെ അത് നിങ്ങൾക്കു വരുകയില്ല. നീ അതിനെപ്പറ്റി ചുഴിഞ്ഞന്വേഷിച്ചു മനസ്സിലാക്കിയവനാണെന്ന മട്ടിൽ നിന്നോടവർ ചോദിക്കുന്നു. പറയുക: അതിനെപ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമാണ്. പക്ഷേ, അധികമാളുകളും (കാര്യം) മനസ്സിലാക്കുന്നില്ല” (ക്വുർആൻ 7:187).

### അന്ത്യനാളിനോടടുത്ത് ഇനി സംഭവിക്കാനുള്ളവ

*ഇനി സംഭവിക്കാനുള്ളവയിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ:*

ജൂതവിമോചകനായി മസീഹുദ്ദജ്ജാൽ എന്ന നാശകാരി മക്കയും മദീനയും ഒഴിച്ചുള്ള നാടുകളിലെല്ലാം സഞ്ചരിക്കും. താൻ മസീഹ് ഈസാ(അ) ആണെന്ന് വ്യാജമായി വാദിക്കുന്നവൻ എന്നതിന് അറബിയിൽ പറയുന്ന പദമാണ് മസീഹുദ്ദജ്ജാൽ എന്നത്. അവൻ മുടി ജഡകുത്തിയ യുവാവാണ്. വലങ്കണ്ണിന് കാഴ്ചയുണ്ടാവില്ല. പല വിക്രിയകളും അവൻ കാണിക്കും. അത് കാണാൻ പോകരുത്. കാരണം അവൻ കറാമത്തുള്ള ദിവ്യനാണെന്ന് തെറ്റിദ്ധരിച്ച് പോകും. അവനെ കണ്ടുമുട്ടിയാൽ സൂറതുൽ കഹ്ഫിലെ ആദ്യത്തെ പത്ത് വചനങ്ങൾ വിശ്വാസപൂർവം ഓതുക എന്നതാണ് അവനിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം.

എഴുപതിനായിരം ജൂതന്മാർ ഉൾപ്പെടുന്ന ഒരു സൈന്യവുമായിട്ടാണ് അവൻ മുന്നേറുക. അങ്ങനെ തുടർന്ന് കൊണ്ടിരിക്കെ, സിറിയൻ തലസ്ഥാനമായ ഡമസ്കസിലെ പള്ളിയിൽ മഹ്ദി എന്ന് സ്ഥാനപ്പേരുള്ള നീതിമാനും മഹാനുമായ ഭരണാധികാരി സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം കൊടുക്കും. അപ്പോൾ രണ്ട് മലക്കുകളുടെ ചിറകിൽ കൈ വെച്ച്കൊണ്ട്, രണ്ട് നിറത്തിലുള്ള വസ്ത്രം ധരിച്ച നിലയിൽ ആ പള്ളിയുടെ വെള്ള മിനാരത്തിനരികിലൂടെ ഈസാ(അ) ഭൂമിയിൽ ഇറങ്ങി വരുമെന്ന് നബി(സ) മദീന പള്ളിയിൽ വെച്ച് പ്രവചിച്ചു. (ഈ പള്ളി 2011 ന് മുമ്പ് 3 പ്രാവശ്യം ഞാൻ ടൂർ ഗൈഡ് എന്ന



**ജൂതവിമോചകനായി മസീഹുദ്ദജ്ജാൽ എന്ന നാശകാരി മക്കയും മദീനയും ഒഴിച്ചുള്ള നാടുകളിലെല്ലാം സഞ്ചരിക്കും. താൻ മസീഹ് ഈസാ(അ) ആണെന്ന് വ്യാജമായി വാദിക്കുന്നവൻ എന്നതിന് അറബിയിൽ പറയുന്ന പദമാണ് മസീഹുദ്ദജ്ജാൽ എന്നത്. അവൻ മുടി ജഡകുത്തിയ യുവാവാണ്. വലങ്കണ്ണിന് കാഴ്ചയുണ്ടാവില്ല. പല വിക്രിയകളും അവൻ കാണിക്കും. അത് കാണാൻ പോകരുത്. കാരണം അവൻ കറാമത്തുള്ള ദിവ്യനാണെന്ന് തെറ്റിദ്ധരിച്ച് പോകും. അവനെ കണ്ടുമുട്ടിയാൽ സൂറതുൽ കഹ്ഫിലെ ആദ്യത്തെ പത്ത് വചനങ്ങൾ വിശ്വാസപൂർവം ഓതുക എന്നതാണ് അവനിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം.**

നിലക്ക് സന്ദർശിച്ചിട്ടുണ്ട്).

അല്ലാഹു പറയുന്നു: "തീർച്ചയായും അദ്ദേഹം (ഈസബ്നുമർയം) അന്ത്യസമയത്തിനുള്ള ഒരു അറിയിപ്പാകുന്നു. അതിനാൽ അതിനെ (അന്ത്യസമയത്തെ) നിങ്ങൾ സംശയിച്ച് പോകരുത്. എന്നെ നിങ്ങൾ പിന്തുടരുക, ഇതാകുന്നു നേരിന്റെ പാത." (ക്വുർആൻ 43:61).

സിറിയൻ തലസ്ഥാനമായ ഡമസ്കസിലെ മസ്ജിദുൽ ഉമവി എന്ന പള്ളിയിലെ 'മനാറതുഈസാ' എന്ന 'ഈസാ നബിയുടെ മിനാരം' ആണ് ഇവിടെ സൂചിപ്പിക്കുന്നത് എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. മാത്രമല്ല, പള്ളികൾക്ക് മിനാരങ്ങൾ പോലും ഉണ്ടാക്കിത്തുടങ്ങിയത് ഉമവിയാ ഭരണകാലത്താണ്. മഹ്ദിയുടെ നേതൃത്വത്തിൽ നമസ്കാരം നിർവഹിക്കപ്പെട്ടാൽ

**ചന്ദ്രൻ പിളർന്നത്, മസ്ജിദുൽ അക്വ്സ (ഉമർﷺവിന്റെ കാലത്ത്) മുസ്‌ലിംകൾക്ക് അധീനമായത്, ശാം പ്രദേശത്ത് ഹിജ്റ 18ാം വർഷം പടർന്ന് പിടിച്ച പ്ലേഗ് കാരണം 25000 പേർ മരണപ്പെട്ടത്, സ്വിഫീൻ യുദ്ധം, ഖവാരിജ് എന്ന നാശകാരികളുടെ പുറപ്പാട്, കള്ളപ്രവചാകന്മാരുടെ വരവ്, ക്രിസ്താബ്ദം 1258ൽ താർത്താരികൾ മുസ്‌ലിം ലോകത്തിന്റെ മേൽ നടത്തിയ കൂട്ടക്കൊല, നാമമാത്ര വസ്ത്രധാരിണികൾ പ്രത്യക്ഷപ്പെടൽ, അറബ് ലോകത്ത് അംബരചുംബികളായ കെട്ടിടങ്ങൾ വ്യാപിക്കൽ, ഭാര്യയുടെ താൽപര്യത്തിന് വേണ്ടി മാതാവിനെ ബഹിഷ്കരിക്കൽ, സുഹൃത്തുക്കളോട് അടുപ്പം കൂടലും പിതാവിനോട് അകൽച്ചയും ഉണ്ടാവൽ, പള്ളികളിൽ ബഹളം കൂട്ടൽ, നീചന്മാർ സമൂഹ നേതൃത്വത്തിൽ എത്തൽ, മ്യൂസിക് ഉപകരണങ്ങളുടെ ആധിക്യം, പള്ളികൾ വൻതോതിൽ മോടി കൂട്ടൽ, ഗ്രന്ഥങ്ങൾ വർധിക്കൽ, പെട്ടെന്നുള്ള മരണം വർധിക്കൽ, മാർക്കറ്റുകളുടെ വ്യാപനം, ഭൂചലനങ്ങൾ വർധിക്കൽ, തെമ്മാടിത്തം വ്യാപിക്കൽ, ശക്തന്മാർ ദുർബലരെ കീഴടക്കൽ, പണപ്പെരുപ്പം, തുർക്കിയിലെ ഇസ്തംബൂൾ മുസ്‌ലിംകൾ കീഴടക്കൽ തുടങ്ങി അന്ത്യനാളിന്റെ ലക്ഷണങ്ങളായി പ്രവാചകൻ സൂചന നൽകിയ നിരവധി കാര്യങ്ങൾ നടന്നു കഴിഞ്ഞതായി നമുക്ക് മനസ്സിലാക്കാം.**

ഈസാﷺ മസീഹുദ്ദജ്ജാലിനെ പിടികൂടാൻ അവനെ പിന്തുടരും. അവൻ തനിക്ക് സുരക്ഷിതമാണ് എന്ന് തോന്നുന്ന ലുദ്ദ് നഗരത്തിന്റെ കവാടത്തിൽ എത്തുമ്പോൾ അവനെ ഈസാﷺ പിടികൂടി കൊന്നു കളയും. ജൂത രാഷ്ട്രമായ ഇസ്റാഈൽ 1948ൽ സ്ഥാപിതമായപ്പോൾ അവർ ഉണ്ടാക്കിയ ബെൻഗുറിയൻ ഇന്റർനാഷണൽ എയർപോർട്ട്, പുറത്ത് നിന്ന് എത്താനുള്ള കവാടമാണ്. അഥവാ ബാബിലുദ്ദ് (ലുദ്ദിന്റെ കവാടം) അതായിരിക്കാനാണ് സാധ്യത. ജറൂസലമിൽ നിന്നും ഇസ്റാഈൽ തലസ്ഥാനമായ ടെൽ അവീവ് നഗരത്തിലേക്ക് പോകുന്ന നാഷണൽ ഹൈവേയിൽ ടെൽ അവീവിന്റെ 15 കിലോമീറ്റർ മുമ്പ് കാണുന്ന സ്ഥലമാണത്.


പിന്നീട് ഈസാﷺ ഭരണം തുടങ്ങും. അപ്പോൾ മംഗോളിയ താർത്താരി വർഗക്കാരായ ജനങ്ങളിൽ പെട്ട യഅ്ജൂജ് മഅ്ജൂജുകാരായ ലക്ഷക്കണക്കിന് പേർ ആർത്തലച്ച് വന്ന്, സോവിയറ്റ് ജോർജിയായുടെ വടക്ക് ഭാഗത്തുള്ള കാക്കസ് പർവത നിരയിലെ ദാരിയാൽ മലയിടുക്കിൽ ദുൽഖർനൈനി കെട്ടിയ ഇരുമ്പ് മതിൽ തകർത്ത് മുന്നേറി ഈസാﷺയെ തടവിലാക്കി ഉപരോധം തുടരും. ഈസാﷺ വളരെ കഷ്ടപ്പെടുമ്പോൾ അല്ലാഹു യഅ്ജൂജ് വർഗക്കാരുടെ കഴുത്തുകളിൽ ഒരു തരം രോഗം ബാധിപ്പിച്ച് അവരെ കൂട്ടത്തോടെ മരിപ്പിക്കും. ഈസാﷺ തടവിൽ നിന്ന് പുറത്ത് വരും. ഒട്ടകത്തിന്റേത് പോലെ കഴുത്തുള്ളവ (കഴുകന്മാർ ആയിരിക്കാം) ആ ശവങ്ങൾ കൊത്തിത്തിന്നും. പിന്നീട് ഭൂമിയെ ശുദ്ധീകരിക്കുന്ന ഒരു മഴ പെയ്യും. ഈസാﷺയുടെ ഭരണം ഏഴ് വർഷം തുടരും. നികുതികൾ ഇല്ലാതാകും. യേശു കുരിശിൽ തറക്കപ്പെട്ടു എന്ന വിശ്വാസത്തിന്റ പേരിൽ നാട്ടിയതാണല്ലോ ക്രിസ്ത്യൻ ചർച്ചുകളിലെ കുരിശുകൾ. അത് തെറ്റാണ് എന്ന് കാണിച്ചു കൊടുക്കാൻ കുരിശുകൾ തകർക്കും. ഈസാﷺയുടെ അനുയായികളും വിശ്വാസികളുമാണ് എന്ന് പറയുന്നവരാണല്ലോ ലോകത്ത് പന്നിമാംസം കഴിക്കുന്നവർ. താൻ പന്നിമാംസം കഴിക്കുന്നതിന് എതിരാണ് എന്ന് കാണിക്കാൻ ഏതാനും പന്നികളെയെങ്കിലും കൊല്ലും.

ഏഴ് വർഷം ഈസാﷺ ഭരണം തുടരുമ്പോൾ ശാമിന്റെ ഭാഗത്ത് നിന്ന് സുഗന്ധം നിറഞ്ഞ ഒരു കാറ്റടിക്കും. അതിൽ സത്യവിശ്വാസം അൽപമെങ്കിലും ഉള്ളവരെല്ലാം ശാന്തമായി മരണപ്പെടും. പിന്നീട് ദുഷ്ടർ മാത്രമെ ലോകത്ത് ബാക്കിയുണ്ടാവുകയുള്ളൂ.

**സംസാരിക്കുന്ന ജന്തു പുറപ്പെടൽ**

അല്ലാഹു പറയുന്നു: "ആ വാക്ക് അവരുടെ മേൽ വന്ന് ഭവിച്ചാൽ ഭൂമിയിൽ നിന്ന് ഒരു ജന്തുവെ നാം അവരുടെ നേരെ പുറപ്പെടിവിക്കും. മനുഷ്യൻ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢവിശ്വാസം കൊള്ളാതിരിക്കുകയാകുന്നു എന്ന വിഷയം അത് അവരോട് സംസാരിക്കുന്നതാണ്." (ക്വുർആൻ 27:82).

**സൂര്യൻ ഒരു സാധാരണ നക്ഷത്രമാണ്. അത് പോലും ഭൂമിയുടെ പതിമൂന്നര ലക്ഷം ഇരട്ടി വലുപ്പമുള്ളതും തുടർച്ചയായി ആറ്റം ഹൈഡ്രജൻ ബോംബ് വിസ്ഫോടനങ്ങൾ നടന്നു കൊണ്ടേയിരിക്കുന്നതുമായ വൻ നിലയവുമാണ്. അത്തരം ശത കോടിക്കണക്കിന് നക്ഷത്രങ്ങളുണ്ട്. സൂര്യന്റെ കോടിക്കണക്കിന് ഇരട്ടി വലുപ്പമുള്ള നക്ഷത്രങ്ങളും ഉണ്ട്. ഗുരുത്വാകർഷണം നഷ്ടപ്പെടുന്നതോടെ ഗ്രഹങ്ങളും നക്ഷത്രങ്ങളും സ്ഥാനം തെറ്റിത്തെറിക്കും.**



**സൂര്യൻ പടിഞ്ഞാറുദിക്കൽ**

ഇപ്പോൾ ഭൂമി പടിഞ്ഞാറ് നിന്ന് കിഴക്കോട്ടാണ് തിരിയുന്നത്. ഇനി അന്ത്യനാളിന്റെ മുമ്പായി (ഭൂമിയെ പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് തിരിച്ചാൽ) സൂര്യൻ പടിഞ്ഞാറുദിക്കും. അത് കാണുമ്പോൾ ദൈവിക സത്യം ബോധ്യപ്പെടുന്ന അനേകം ആളുകൾ ഉണ്ടാകും. പക്ഷേ, സൂര്യൻ പടിഞ്ഞാറുദിക്കുന്നത് കണ്ട് വിശ്വസിച്ചിട്ട് കാര്യമില്ലെന്ന് പറഞ്ഞു കൊണ്ട് നബിﷺ ക്വുർആനിലെ ആറാം അധ്യായമായ അൽ അൻആമിലെ 158ാം വചനം ഓതി:

"തങ്ങളുടെയടുക്കൽ മലക്കുകൾ വരുന്നതോ, നിന്റെ രക്ഷിതാവ് തന്നെ വരുന്നതോ അല്ലാതെ മറ്റെന്താണ് അവർ കാത്തിരിക്കുന്നത്? നിങ്ങളുടെ രക്ഷിതാവിന്റെ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരുന്ന ദിവസം, മുമ്പ് തന്നെ വിശ്വസിക്കുകയോ വിശ്വാസത്തോട് കൂടി വല്ല നന്മയും ചെയ്ത് വെക്കുകയോ ചെയ്തിട്ടില്ലാത്തയൊരാൾക്കും തന്റെ വിശ്വാസം പ്രയോജനപ്പെടുകയില്ല. പറയുക. നിങ്ങൾ കാത്തിരിക്കുക. ഞങ്ങളും കാത്തിരിക്കുകയാണ്."

സൂര്യൻ പടിഞ്ഞാറ് ഉദിക്കുന്നതോടെ മനുഷ്യവർഗത്തിന്ന് പശ്ചാതപിച്ച് മടങ്ങാനുള്ള അവസാന സമയം കഴിയും. അതിനാൽ അത് കണ്ട് വിശ്വസിച്ചിട്ട് യാതൊരു കാര്യവുമില്ല. ആ വിശ്വാസം സ്വീകരിക്കപ്പെടുകയില്ല. (സ്വഹീഹ് മുസ്‌ലിം-വിവിധ വിഷയങ്ങൾ എന്ന അധ്യായം).

**മുസ്‌ലിം-ജൂത യുദ്ധം**

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "മുസ്‌ലിംകൾ ജൂതന്മാരുമായി യുദ്ധം ചെയ്യുന്നത് വരെ അന്ത്യനാൾ വന്നെത്തുകയില്ല. അങ്ങനെ ജൂതൻ കല്ലിന്റെയും മരത്തിന്റെയും പിന്നിൽ ഒളിച്ചിരിക്കുകയും ആ കല്ലും മരവും (ഇപ്രകാരം) പറയുകയും ചെയ്യും: 'ഓ... മുസ്‌ലിം! ഇതാ ജൂതൻ എന്റെ പിന്നിൽ. വരൂ, അവനെ കൊല്ലൂ.' ഗർഖദ് മരം ഒഴികെ. കാരണം അത് ജൂതന്മാരുടെ വൃക്ഷമാവുന്നു" (ബുഖാരി, മുസ്‌ലിം).

(Gharqad എന്ന് ഗൂഗിളിൽ സെർച്ച് ചെയ്താൽ ആ മരം കാണാം).

ഇസ്‌റായീലിൽ ടെൽഅവീവിനോട് ചേർന്ന് യാഫാ ബീച്ചിനടുത്ത് ഇസ്‌റായീലീ സർക്കാർ വെച്ചുപിടിപ്പിച്ചതും ഇസ്രായീലിലെ നേഗേവ് മരുഭൂമിയിൽ വെറുതെ വളർന്നുണ്ടാവുന്നതുമായ ഗർഖദ് മരം കാണാം.

"മദീനാ നഗരം കാടുപിടിക്കും" (ബുഖാരി, മുസ്‌ലിം).

സ്വർണത്തിന്റെ സക്കാതുമായി ചുറ്റിനടന്നാൽ പോലും അത് സ്വീകരിക്കാൻ ആളുണ്ടാകില്ല. സ്ത്രീകളുടെ എണ്ണം വർധിക്കും. പുരുഷന്മാരെക്കാളും 40 ഇരട്ടിയായി സ്ത്രീകളുടെ എണ്ണം കൂടും.

യൂഫ്രട്ടീസ് നദിയിൽ ഒരു സ്വർണ പർവതം പ്രത്യക്ഷപ്പെടും. അത് ഉടമപ്പെടുത്താൻ വേണ്ടി യുദ്ധം ചെയ്യുന്ന സൈന്യത്തിലെ 99 ശതമാനം പേരും മരിക്കും.

എത്യോപ്യയിൽ നിന്ന് ദുസ്സുവയ്ഖതൈൻ എന്ന് വിളിക്കപ്പെടുന്ന ഒരു വ്യക്തിയുടെ നേതൃത്വത്തിൽ വന്ന് കഅ്ബ പൊളിക്കും.

കഅ്ബയിലെ നിധി അവർ എടുത്ത് കൊണ്ട് പോകുമെന്ന് നബിﷺപറഞ്ഞു.

(ഒരു പക്ഷേ, കഅ്ബയുടെ സ്വർണ വാതിൽ എടുത്ത് കൊണ്ട് പോകുമായിരിക്കാം. അല്ലാഹുവിന്നറിയാം).

യമനിലെ ഹളറമൗത്ത് പ്രദേശത്ത് ഒരു അഗ്നിപർവതം പ്രത്യക്ഷപ്പെടും. ജനങ്ങൾ പടിഞ്ഞാറൻ യമനിലേക്ക് പലായനം ചെയ്യും. ഭൂമിയിൽ ഗർത്തങ്ങൾ പ്രത്യക്ഷപ്പെടും. കിഴക്ക് ഭാഗത്തും പടിഞ്ഞാറ് ഭാഗത്തും അറേബ്യൻ അർധദ്വീപിലും (മുസ്‌ലിം).



**അന്ത്യനാളോടടുത്ത് ഈസാﷺ ഭരണം തുടങ്ങും. തുടർന്ന് മംഗോളിയ താർത്താരി വർഗക്കാരായ ജനവർഗങ്ങളിൽപെട്ട യഅ്ജൂജ് മഅ്ജൂജുകാരായ ലക്ഷക്കണക്കിന് പേർ ആർത്തലച്ച് വന്ന്, സോവിയറ്റ് ജോർജിയായുടെ വടക്ക് ഭാഗത്തുള്ള കാക്കസ് പർവത നിരയിലെ ദാരിയാൽ മലയിടുക്കിൽ ദുൽഖർനൈനി കെട്ടിയ ഇരുമ്പ് മതിൽ തകർത്ത് മുന്നേറി ഈസാﷺയെ തടവിലാക്കി ഉപരോധം തുടങ്ങും. ഈസാﷺ വളരെ കഷ്ടപ്പെടുമ്പോൾ അല്ലാഹു യഅ്ജൂജ് വർഗക്കാരുടെ കഴുത്തുകളിൽ ഒരു തരം രോഗം ബാധിപ്പിച്ച് അവരെ കൂട്ടത്തോടെ മരിപ്പിക്കും. ഈസാﷺ തടവിൽ നിന്ന് പുറത്ത് വരും. ഒട്ടകത്തിന്റേത് പോലെ കഴുത്തുള്ളവ (കഴുകന്മാർ ആയിരിക്കാം) ആ ശവങ്ങൾ കൊത്തിത്തിന്നും. പിന്നീട് ഭൂമിയെ ശുദ്ധീകരിക്കുന്ന ഒരു മഴ പെയ്യും. ഈസാﷺയുടെ ഭരണം ഏഴ് വർഷം തുടരും. നികുതികൾ ഇല്ലാതാകും. യേശു കുരിശിൽ തറക്കപ്പെട്ടു എന്ന വിശ്വാസത്തിന്റ പേരിൽ നാട്ടിയതാണല്ലോ ക്രിസ്ത്യൻ ചർച്ചുകളിലെ കുരിശുകൾ. അത് തെറ്റാണ് എന്ന് കാണിച്ചു കൊടുക്കാൻ കുരിശുകൾ തകർക്കും. താൻ പന്നിമാംസം കഴിക്കുന്നതിന് എതിരാണ് എന്ന് കാണിക്കാൻ ഏതാനും പന്നികളെയെങ്കിലും കൊല്ലും.**

**അന്ത്യനാൾ സംഭവിക്കുന്നു**

മുന്നറിയിപ്പ് നൽകിയിട്ടും മനുഷ്യർ പിന്നീട് അശ്രദ്ധരായി ലോകത്ത് ജീവിക്കും. അതിനിടയിലാണ് ഇസ്‌റാഫീൽﷺ എന്ന മലക്കിനോട് അന്ത്യനാളിന്റെ കാഹളം മുഴക്കാൻ കൽപിക്കുക.

നബിﷺ പറഞ്ഞു: "രണ്ട് പേർ വസ്ത്രം (വാങ്ങാൻ വേണ്ടി) ചുരുളഴിച്ച് പിടിച്ചിരിക്കെ അന്ത്യനാൾ സംഭവിക്കുന്നു. അപ്പോൾ അത് മടക്കി വെക്കാനോ കച്ചവടം ചെയ്യാനോ അവർക്ക് കഴിയില്ല. ഒരാൾ ഒട്ടകത്തെ കറന്ന് പാലുമായി വരവെ അന്ത്യനാൾ വരുന്നു. അത് കുടിക്കാൻ അവന് സാധിക്കില്ല (അതിന് മുമ്പ് അന്ത്യദിനം വന്നെത്തും). ഒട്ടകത്തിനായി കുഴിയിൽ വെള്ളം നിറച്ചുകൊണ്ടിരിക്കെ അന്ത്യനാൾ സംഭവിക്കുന്നു. അത് (തന്റെ മൃഗത്തിന്) കുടിപ്പിക്കാൻ അവന് അവസരം കിട്ടുകയില്ല. ഉരുള വായിലേക്കെത്തിക്കൊണ്ടിരിക്കെ (അന്ത്യനാളിന്റെ സൂചനയൊന്നുമില്ല) അത് വായിൽ എത്തി ഭക്ഷിക്കുന്നതിന് മുമ്പ് അന്ത്യനാൾ സംഭവിക്കും. അഥവാ തൊട്ട് മുമ്പത്തെ സെക്കന്റിൽ പോലും അന്ത്യനാളിനെപ്പറ്റി ഒരു സൂചനയും ഉണ്ടാവില്ല." (21-ാം അധ്യായം സൂറത്തുൽ അമ്പിയാഅ് 40)

"വളരെപ്പെട്ടെന്നാണത് സംഭവിക്കുന്നത്. തട്ടിനീക്കാൻ സാധിക്കാത്ത വിധം അതവരെ പിടികൂടുന്നു. ഒരു നിമിഷ നേരത്തേക്കെങ്കിലും (അവർക്ക്) അവധി ലഭിക്കുകയില്ല" (ക്വുർആൻ 21:40).

"അപ്പോൾ യാതൊരു വസ്വിയ്യത്തും നൽകാൻ അവർക്ക് സാധിക്കുകയില്ല. അവർക്ക് അവരുടെ കുടുംബത്തിലേക്ക് മടങ്ങാനും ആകുകയില്ല" (ക്വുർആൻ 36:50).

കണ്ണടച്ച് തുറക്കുന്നതിനെക്കാൾ വേഗത്തിലാണ് അന്ത്യസമയം സംഭവിക്കുക. പക്ഷേ, അത് തുടങ്ങിയാൽ വളരെപ്പെട്ടെന്ന് അവസാനിക്കുകയുമില്ല. ഭയാനകമായ ഒരു ഘോരശബ്ദമാണ് ആദ്യം സംഭവിക്കുക. അതോടെ ഭൂമിക്ക് എന്ത് സംഭവിക്കുമെന്ന് 22-ാം അധ്യായം സൂറതുൽ ഹജ്ജ് 1,2 വചനങ്ങളിൽ പറയുന്നു:

"മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. തീർച്ചയായും അന്ത്യസമയത്തെ പ്രകമ്പനം ഭയാനകമായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോവും. ഗർഭവതിയായ എല്ലാ സ്ത്രീകളും തന്റെ ഗർഭത്തിലുള്ളത് പ്രസവിച്ചുപോകും. ജനങ്ങളെ ലഹരി പിടിച്ചവരായി നിനക്ക് കാണാം. യഥാർഥത്തിൽ അവർ ലഹരി ബാധിച്ചവരല്ല. പക്ഷേ, അല്ലാഹുവിന്റെ ശിക്ഷ കഠിനമാകുന്നു."

ലോക ചരിത്രത്തിലെ ഏറ്റവും വലിയ ഭൂകമ്പം ചൈനയിലെ ഷെൻസി പ്രവിശ്യയിൽ 1556ൽ ഉണ്ടാ

**സിറിയൻ തലസ്ഥാനമായ ഡമസ്കസിലെ മസ്ജിദുൽ ഉമവി എന്ന പള്ളിയിലെ 'മനാറതുഈസാ' എന്ന 'ഈസാ നബിയുടെ മിനാരം' ആണ് ഇവിടെ സൂചിപ്പിക്കുന്നത് എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. മാത്രമല്ല, പള്ളികൾക്ക് മിനാരങ്ങൾ പോലും ഉണ്ടാക്കിത്തുടങ്ങിയത് ഉമവിയാ ഭരണകാലത്താണ്. മഹ്ദിയുടെ നേതൃത്വത്തിൽ നമസ്കാരം നിർവഹിക്കപ്പെട്ടാൽ ഈസാﷺ മസീഹുദ്ദജ്ജാലിനെ പിടികൂടാൻ അവനെ പിന്തുടരും. അവൻ തനിക്ക് സുരക്ഷിതമാണ് എന്ന് തോന്നുന്ന ലുദ്ദ് നഗരത്തിന്റെ കവാടത്തിൽ എത്തുമ്പോൾ അവനെ ഈസാﷺ പിടികൂടി കൊന്നു കളയും. ജൂത രാഷ്ട്രമായ ഇസ്റാഈൽ 1948ൽ സ്ഥാപിതമായപ്പോൾ അവർ ഉണ്ടാക്കിയ ബെൻഗുറിയൻ ഇന്റർനാഷണൽ എയർപോർട്ട്, പുറത്ത് നിന്ന് എത്താനുള്ള കവാടമാണ്. അഥവാ ബാബിലുദ്ദ് (ലുദ്ദിന്റെ കവാടം) അതായിരിക്കാനാണ് സാധ്യത. ജറൂസലമിൽ നിന്നും ഇസ്റാഈൽ തലസ്ഥാനമായ ടെൽ അവീവ് നഗരത്തിലേക്ക് പോകുന്ന നാഷണൽ ഹൈവേയിൽ ടെൽ അവീവിന്റെ 15 കിലോമീറ്റർ മുമ്പ് കാണുന്ന സ്ഥലമാണത്.**



യ എട്ട് ലക്ഷത്തി മുപ്പതിനായിരം ആളുകൾ മരണപ്പെട്ട ഭൂകമ്പമാണ്. എന്നാൽ അന്ത്യനാളിലെ ഭൂകമ്പം സങ്കൽപിക്കാൻ കഴിയാത്തവിധം അതിഭയാനകമായിരിക്കും. പർവതങ്ങൾ പോലും ഭൂകമ്പത്തെ തുടർന്ന് വിറച്ച് പൊടിയാക്കപ്പെടും.

"പർവതങ്ങൾ ഇടിച്ച് പൊടിയാക്കപ്പെടുകയും; അങ്ങനെ അത് പാറിപ്പറക്കുന്ന ധൂളിയായിത്തീരുകയും" (ക്വുർആൻ 56:5,6).

9 കിലോമീറ്റർ വരെ ഉയരമുള്ള ഹിമാലയത്തിലെ പർവതങ്ങളും എവറസ്റ്റ് കൊടുമുടിയുമൊക്കെ ഏറ്റവും ഉയരം കൂടിയവയാണ്. എന്നാൽ അന്ത്യനാളിൽ ഇവയെന്നല്ല എല്ലാ പർവതങ്ങളും പാറിപ്പറന്ന് ധൂളികളായിമാറും.

"പർവതങ്ങൾ സഞ്ചരിപ്പിക്കപ്പെടുകയും അങ്ങനെ അവ മരീചിക പോലെ ആയിത്തീരുകയും ചെയ്യും" (ക്വുർആൻ 78:20).

2004 ഡിസംബർ 26ന് ഇന്തോനേഷ്യയിലെ സുമാത്രാ ദ്വീപിന് സമീപം കടലിനടിയിൽ ഉണ്ടായ ചെറിയ ഒരു ഭൂകമ്പം കാരണം ആഞ്ഞടിച്ച വമ്പൻ തിരമാലകൾ സുനാമിയായി അയ്യായിരം കിലോമീറ്റർ ദൂരം വരെ എത്തി. രണ്ട് ലക്ഷത്തി മുപ്പതിനായിരത്തിൽ പരം ആളുകൾ മരണപ്പെട്ടു.

അന്ത്യസമയത്തുള്ള ഭൂകമ്പത്തിലും ഭയാനകമായ തിരമാലകൾ കരയിലേക്ക് ആഞ്ഞടിച്ച് കയറും:

"സമുദ്രങ്ങൾ പൊട്ടി ഒഴുകുമ്പോൾ" (ക്വുർആൻ 82:3).

2004ലെ സുനാമിയിലും ജപ്പാൻ സുനാമിയിലും കടലിൽ തീ ആളിപ്പടരൽ സംഭവിച്ചിരുന്നു. അന്ത്യനാളിലും കടലുകൾക്ക് തീ പിടിക്കുമെന്ന് ക്വുർആൻ 81:6ൽ പറയുന്നു:

"സമുദ്രങ്ങൾ ആളിക്കത്തിക്കപ്പെടുമ്പോൾ."

"വന്യമൃഗങ്ങൾ (ശത്രുത മറന്ന്) ഒരുമിച്ച് കൂട്ടപ്പെടുമ്പോൾ" (ക്വുർആൻ 81:5).

കരയും പർവതങ്ങളും ഇടിഞ്ഞുനികന്ന് മഹാസമുദ്രങ്ങൾ നിലനിന്നിരുന്ന വൻകുഴികളിൽ നിറയുന്നതോടെ ഭൂമി നിരപ്പായി മാറുമെന്ന് 20ാം അധ്യായം 106ാം വചനത്തിൽ പറയുന്നു:

"എന്നിട്ട് അവൻ അതിനെ സമനിരപ്പായ മൈതാനമാക്കി വിടുന്നതാണ്. ഇറക്കമോ കയറ്റമോ നീ അവിടെ കാണുകയില്ല."

**ചന്ദ്രനിൽ പോയാൽ രക്ഷയുണ്ടാകുമോ?**

ഒരിക്കലുമില്ല!

സൂര്യനും ചന്ദ്രനും തമ്മിൽ ഒരുമിച്ച് കൂടും (ക്വുർആൻ 75:9).

സൂര്യൻ ഒരു സാധാരണ നക്ഷത്രമാണ്. അത് പോലും ഭൂമിയുടെ പതിമൂന്നര ലക്ഷം ഇരട്ടി വലുപ്പമുള്ളതും തുടർച്ചയായി ആറ്റം ഹൈഡ്രജൻ ബോംബ് വിസ്ഫോടനങ്ങൾ നടന്നു കൊണ്ടേയിരിക്കുന്നതുമായ വൻ നിലയവുമാണ്. അത്തരം ശതകോടിക്കണക്കിന് നക്ഷത്രങ്ങളുണ്ട്. സൂര്യന്റെ കോടിക്കണക്കിന് ഇരട്ടി വലുപ്പമുള്ള നക്ഷത്രങ്ങളും ഉണ്ട്. ഗുരുത്വാകർഷണം നഷ്ടപ്പെടുന്നതോടെ ഗ്രഹങ്ങളും നക്ഷത്ര

ങ്ങളും സ്ഥാനം തെറ്റിത്തെറിക്കും.

"നക്ഷത്രങ്ങൾ ഉതിർന്നു വീഴുമ്പോൾ" (81:2).

ആകാശം തീപിടിച്ച അവസ്ഥയിൽ കാണപ്പെടും. ചുകന്ന തോൽ പോലെ തുടുത്ത ആകാശം!

"ആകാശം ഉരുകിയ ലോഹം പോലെ ആകുന്ന ദിവസം!" (ക്വുർആൻ 70:8).

ഭയാനകമായ അഗ്നി പർവത വിസ്ഫോടനമോ, ഉൽക്കകൾ എയ്ത് വിടുന്ന ഷൂട്ടിംഗ് സ്റ്റാറുകളോ ഏത് വിധത്തിലായാലും ആകാശത്ത് നിന്ന് ഭൂമിയിലേക്ക് തീയുണ്ടകൾ പതിക്കും.

"നിങ്ങൾ ഇരുവിഭാഗത്തിന്റെയും നേർക്ക് തീജ്വാലയും പുകയും അയക്കപ്പെടും. അപ്പോൾ നിങ്ങൾക്ക് രക്ഷാമാർഗം സ്വീകരിക്കാനാവില്ല" (ക്വുർആൻ 55:35).



**ഭൂമിയും ആകാശങ്ങളും ആകൃതി മാറ്റപ്പെടും. പതിനായിരം കോടി നക്ഷത്രങ്ങൾ ചേർന്ന് നമ്മുടെ മിൽക്കിവെ ഗ്യാലക്സിയും അങ്ങനെ ശതകോടി ഗ്യാലക്സികളുമെല്ലാം അടിമുടി ഉടച്ച് വാർക്കുന്ന ഭയാനക സംഭവമാണ് അന്ത്യനാൾ. അതോടു കൂടെ അന്ത്യനാൾ അവസാനിക്കുന്നു. ആ നിശ്ശബ്ദതയിൽ അല്ലാഹുവിന്റെ ചോദ്യം പ്രപഞ്ചം മുഴുവൻ മാറ്റൊലി കൊള്ളും.**

പ്രപഞ്ച പരിധികൾക്കപ്പുറത്തേക്ക് പറന്ന് രക്ഷപ്പെടാൻ കഴിയുമോ? അല്ലാഹുവിന്റെ പ്രത്യേക സഹായം കൊണ്ടല്ലാതെ മനുഷ്യർക്കും ജിന്നുകൾക്കും ഭൂമിയിൽ നിന്ന് പുറത്ത് കടക്കാൻ സാധിക്കുകയില്ലെന്ന് ക്വുർആൻ പറയുന്നു:

"ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളിൽ നിന്ന് പുറത്ത് കടന്നു പോകാൻ നിങ്ങൾക്ക് സാധിക്കുന്ന പക്ഷം നിങ്ങൾ കടന്നു പോയിക്കൊള്ളുക. ഒരു അധികാരം ലഭിച്ചിട്ടല്ലാതെ നിങ്ങൾ കടന്നു പോകുകയില്ല" (55:33).

ഭൂമിയിലുള്ള സർവ്വ ജീവജാലങ്ങളും നശിച്ച ശ്മശാനമൂകത.

ഉന്നതനും മഹത്വമുള്ളവനുമായ അല്ലാഹു മാത്രം ബാക്കിയാവുന്നു.

"അവിടെ(ഭൂമുഖത്ത്)യുള്ള എല്ലാവരും നശിച്ച് പോകുന്നവരാകുന്നു. മഹത്ത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്" (ക്വുർആൻ 55: 26,27).

ഭൂമിയുടെ ഗോളാകൃതി മാറ്റി പരന്ന ഭൂമിയാക്കുമെന്ന് നബിﷺ പറഞ്ഞതായി കാണാം.

"ഭൂമി നീട്ടപ്പെടുമ്പോൾ" (ക്വുർആൻ 84:3).

"ഭൂമി ഈ ഭൂമിയല്ലാത്ത മറ്റൊന്നായും അത് പോലെ ആകാശങ്ങളും മാറ്റപ്പെടുകയും ഏകനും സർവാധികാരിയുമായ അല്ലാഹുവിങ്കലേക്ക് അവരെല്ലാം പുറപ്പെട്ട് വരുകയും ചെയ്യുന്ന ദിവസം" (ക്വുർആൻ 14:48).

ഭൂമിയും ആകാശങ്ങളും ആകൃതി മാറ്റപ്പെടും. പതിനായിരം കോടി നക്ഷത്രങ്ങൾ ചേർന്ന് നമ്മുടെ മിൽക്കിവെ ഗ്യാലക്സിയും അങ്ങനെ ശതകോടി ഗ്യാലക്സികളുമെല്ലാം അടിമുടി ഉടച്ച് വാർക്കുന്ന ഭയാനക സംഭവമാണ് അന്ത്യനാൾ. അതോടു കൂടെ അന്ത്യനാൾ അവസാനിക്കുന്നു. ആ നിശ്ശബ്ദതയിൽ അല്ലാഹുവിന്റെ ചോദ്യം പ്രപഞ്ചം മുഴുവൻ മാറ്റൊലി കൊള്ളും.

"ആർക്കാണ് ഇന്നത്തെ ഉടമാധികാരം?" (40:16).

ഉത്തരം പറയാൻ ആരുമില്ല. അല്ലാഹു തന്നെ മറുപടി പറയും: എല്ലാത്തിനെയും അടക്കി ഭരിക്കുന്ന ഏകനായ അല്ലാഹുവിന്ന് മാത്രം (40:16).

അന്ത്യനാളിന്റെയും ഉയിർത്തെഴുന്നേൽപ് നാളിന്റെയും ഇടയിൽ '40 ഉണ്ട്' എന്ന് നബിﷺ പറഞ്ഞു. നാൽപത്ത് ദിവസമോ നാൽപത് വർഷമോ എന്നൊന്നും പറഞ്ഞിട്ടില്ല. പിന്നീട് ഭൂഗോളം മുഴുവൻ പരക്കുന്ന ഒരു മഴപെയ്യിക്കും. ആ മഴയിൽ ജീവനുകൾ കിളിർക്കും. **(തുടരും)**

# അതിജീവനത്തിനൊരു കൈത്താങ്ങ്
# WISDOM FLOOD RELIEF - 2019

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും പോഷക ഘടകങ്ങളുടെയും ജില്ലാ, മണ്ഡലം, ശാഖ ഭാരവാഹികളുടെയും പ്രവർത്തകരുടെയും അടിയന്തിര ശ്രദ്ധയ്ക്ക്.


സഹപ്രവർത്തകരേ, അസ്സലാമു അലൈക്കും,

സംസ്ഥാനത്തെ പല ജില്ലകളിലും കനത്ത മഴയും, ഉരുൾപൊട്ടലും കാരണം വൻ നാശനഷ്ടങ്ങളുണ്ടായ സാഹചര്യത്തിൽ നമ്മുടെ വ്യത്യസ്ത സംഘങ്ങൾ സഹായങ്ങളുമായി വിവിധ പ്രദേശങ്ങൾ സന്ദർശിച്ചതിൽ നിന്നും ദുരന്തങ്ങളുടെ ആഴം നാം അറിഞ്ഞതിനേക്കാൾ കൂടുതലാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ദാന ധർമങ്ങൾക്ക് പ്രത്യേകത നിർദേശിക്കപ്പെട്ടതു കൂടി ഓർമിപ്പിച്ചു കൊണ്ട് എല്ലാ പള്ളികളിൽ നിന്നും തുടർന്നും പരമാവധി ധനശേഖരണം നടത്തണമെന്നും ഇക്കാര്യം ഖുത്വുബകളിൽ പ്രാധാന്യപൂർവ്വം ഉദ്ബോധിപ്പിക്കണമെന്നും അഭ്യർഥിക്കുന്നു

ഹജ്ജ് സംഘങ്ങളും മഹല്ലുകളും വീടു നിർമാണങ്ങൾ പൂർണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള സഹായങ്ങളെക്കുറിച്ചു ചർച്ച ചെയ്യുമല്ലോ.

റബ്ബ് അനുഗ്രഹിക്കട്ടെ.



പൊതുജനങ്ങളിൽ നിന്ന് കീഴ്ഘടകങ്ങൾ വഴി പണപ്പിരിവ് നടത്തണം. വ്യക്തികളിൽ നിന്ന് സ്വീകരിക്കുന്ന സംഭാവനകൾക്ക് അതത് ഘടകത്തിന്റെ റസിപ്റ്റ് നൽകേണ്ടതാണ്. ഇങ്ങനെ പിരിച്ചെടുത്ത പണം സംസ്ഥാന സമിതിയുടെ എക്കൗണ്ടിൽ നിക്ഷേപിക്കുകയും, പണം നൽകിയ വ്യക്തികളുടെ പേരുകൾ ജില്ല മുഖേന സംസ്ഥാന ഓഫീസിൽ എത്തിക്കുകയും ചെയ്യുക.

**ദുരിതാശ്വാസ ഫണ്ട് അയക്കേണ്ട എക്കൗണ്ട് നമ്പർ:**

Wisdom Islamic Organization
AC/ No: 37489072044
State Bank of India
Palayam Branch, Kozhikode
IFSC CODE, SBIN0008635

**ബന്ധപ്പെടേണ്ട നമ്പർ: +91 8921651130**

**പി.എൻ അബ്ദുല്ലത്തീഫ് മദനി**
**(പ്രസിഡണ്ട്)**

**ടി.കെ അഷ്റഫ്**
**(ജന:സെക്രട്ടറി)**

അഫ്‌വാന ബിൻത് ലത്തീഫ്
സൽസബീൽ അറബിക്കോളേജ് വെങ്കിടങ്ങ്



# സത്യസന്ധത

അഫ്‌നിദ തിരക്കുപിടിച്ച് മദ്‌റസയിലേക്ക് പോവുകയാണ്. കൂടെ കൂട്ടുകാരാരും ഇല്ല. ചെമ്മൺ പാതയിലൂടെ നടന്നുനീങ്ങവെ മണ്ണിലെന്തോ തിളങ്ങുന്നത് കണ്ടു. അവൾ കുനിഞ്ഞ് നോക്കി. ഒരു സ്വർണ മാലയാണെന്ന് തോന്നുന്നു. അവൾ മണ്ണ്പുരണ്ട മാല കയ്യിലെടുത്തു. ഇതെന്തു ചെയ്യണം? അവൾ ചുറ്റുപാടും നോക്കി, ആരും വരുന്നത് കാണുന്നുമില്ല. അവൾ ഒരു പുസ്തകത്തിന്റെ പൊതിയഴിച്ച് മാല അതിൽ പൊതിഞ്ഞ് ബാഗിൽ വെച്ചു. മദ്‌റസയിൽ ചെന്നപ്പോൾ ബെല്ലടിച്ചിരുന്നു. അഫ്‌സൽ ഉസ്താദ് ക്ലാസ്സിലെത്തി ഹാജറെടുക്കുവാൻ തുടങ്ങിയിരുന്നു. അവൾ സലാം ചൊല്ലി, അനുവാദം ചോദിച്ച് ക്ലാസ്സിലേക്ക് കയറി. ഹാദിയയല്ലാത്ത എല്ലാ കുട്ടികളും ക്ലാസ്സിൽ എത്തിയിട്ടുണ്ട്. ഉസ്താദ് ഹാജർ എടുത്ത ശേഷം അവൾ ആ പൊതിയെടുത്ത് ഉസ്താദിന്റെ കയ്യിൽകൊടുത്തുകൊണ്ട് പറഞ്ഞു:

"ഉസ്താദേ, ഇത് വഴിയിൽനിന്ന് കിട്ടിയതാ."

"എന്താ അഫ്‌നിദാ ഇത്?" ഉസ്താദ് ചോദിച്ചു.

"ഇതൊരു മാലയാണ്. സ്വർണമാണെന്ന് തോന്നുന്നു. വഴിയിൽനിന്ന് കിട്ടിയതാണ്."

അദ്ദേഹം അത് പരിശോധിച്ചുകൊണ്ട് പറഞ്ഞു: "ഇത് സ്വർണം തന്നെയാണ്."

അഫ്‌നിദയുടെ സത്യസന്ധതയിൽ ഉസ്താദ് അവളെ പ്രശംസിച്ചു. ഇതുപോലെ സത്യസന്ധത കാണിക്കുന്നവരായി മാറു

വാൻ അദ്ദേഹം ക്ലാസ്സിലെ എല്ലാ കുട്ടികളോടുമായി പറഞ്ഞു. അദ്ദേഹം മാല കിട്ടിയവിവരം പ്രധാനാധ്യാപകനെ അറിയിച്ചു. അദ്ദേഹം അഫ്നിദയെ അഭിനന്ദിക്കുകയും മദ്റസയുടെ നോട്ടീസ് ബോർഡിൽ മാലകിട്ടിയ വിവരം എഴുതി പതിക്കുവാനും മാല പൊലീസ് സ്റ്റേഷനിൽ ഏൽപിക്കുവാനും തീരുമാനിക്കുകയും ചെയ്തു.

അടുത്ത പിരിയേഡിൽ റാഷിദ് ഉസ്താദ് വന്നപ്പോഴും അഫ്നിദയെ അഭിനന്ദിച്ചു. ശേഷം അദ്ദേഹം ചരിത്രപാഠം ക്ലാസ്സ് എടുക്കാൻ തുടങ്ങി.

“ഇന്ന് നമുക്ക് സത്യസന്ധയായ ഒരു പെൺക്കുട്ടിയുടെ ചരിത്രം പഠിച്ചാലോ?” ഉസ്താദ് ചോദിച്ചു.

എല്ലാവർക്കും ഉത്സാഹമായി. റാഷിദ് ഉസ്താദ് കഥ പറയാൻ തുടങ്ങി:

“ഖലീഫ ഉമർ‍ؓവിന്റെ കാലഘട്ടം. ജനങ്ങളുടെ ക്ഷേമകാര്യങ്ങൾ അന്വേഷിച്ചറിയാൻ രാത്രി ചുറ്റി നടക്കൽ അദ്ദേഹത്തിന്റെ പതിവായിരുന്നു. ഒരിക്കൽ ഇങ്ങനെ സഞ്ചരിക്കുന്നതിനിടയിൽ ഉമർؓ ഒരു സംസാരം കേൾക്കാനിടയായി. അത് ഒരു ഉമ്മയും മകളും തമ്മിലുള്ള സംസാരമായിരുന്നു.

“ഉമ്മാ, ഇന്ന് നമുക്ക് വിൽക്കാനുള്ള പാലിന്റെ അളവ് കുറവാണ്” മകൾ പറഞ്ഞു.

“മോളേ, നീ അതിൽ കുറച്ച് വെള്ളം ചേർക്ക്.”

“ഉമ്മാ, ഞാനങ്ങനെ ചെയ്യില്ല, പാലിൽ വെള്ളം ചേർക്കാൻ പാടില്ല. ഖലീഫ ഉമർ ഇതെങ്ങാനും അറിഞ്ഞാൽ...”

“മോളേ, നീ എന്തിനാ ഇങ്ങനെ ഭയക്കുന്നത്? ഖലീഫ ഉമർ ഇത് എങ്ങനെ അറിയാനാണ്? അദ്ദേഹം ഇതൊന്നും കാണുന്നില്ലല്ലോ.”

“ഉമ്മാ, അമീറുൽ മുഅ്മിനീൻ ഉമർ കാണുന്നില്ലെങ്കിലും അദ്ദേഹത്തിന്റെയും നമ്മുടെയും രക്ഷിതാവായ അല്ലാഹു ഇതെല്ലാം കാണുന്നുണ്ട്. അവന്റെ മുമ്പിൽ നമുക്കിത് മറച്ച് വെക്കാൻ കഴിയില്ലല്ലോ.”

ഈ സംസാരം കേട്ട ഉമർؓ ധൃതിയിൽ തന്റെ വീട്ടിലേക്ക് തിരിച്ചു ചെന്നു. അദ്ദേഹം മകനെ വിളിച്ച് നടന്ന സംഭവങ്ങൾ വിവരിച്ചു. അല്ലാഹുവിനെ ഭയപ്പെട്ട് സൂക്ഷ്മതയോടെ ജീവിക്കുന്ന ആ പേൺകുട്ടിയെ വിവാഹം ചെയ്യാൻ മകനോട് നിർദേശിച്ചു. അങ്ങനെ ആ പാൽക്കാരി പെൺകുട്ടിയെ ഖലീഫ ഉമർؓവിന്റെ മകൻ വിവാഹം ചെയ്തു.”

ഉസ്താദ് കഥ പറഞ്ഞ് നിറുത്തിയപ്പോഴാണ് ക്ലാസ്സിന്റെ പുറത്തു നിന്ന് ആരുടെയോ സംസാരവും കരച്ചിലും കേട്ടത്. ഉസ്താദ് പുറത്തിറങ്ങി നോക്കുമ്പോൾ കണ്ടത് ആ ക്ലാസ്സിൽ പഠിക്കുന്ന ഹാദിയയെ ആണ്. അവളാണ് കരയുന്നത്. കൂടെ അവളുടെ ഉമ്മയുമുണ്ട്.

“ഹാദിയാ, എന്താണ് പറ്റിയത്? എന്തിനാണ് കരയുന്നത്? ക്ലാസ്സിൽ വരാൻ വൈകിയതിനാണോ?” ഉസ്താദ് ചോദിച്ചു.

അവളുടെ ഉമ്മ പറഞ്ഞു: “അവൾ പതിവുപോലെ നേരത്തെ തന്നെ മദ്റസയിലേക്ക് പോന്നതാണ്. കുറച്ച് ദൂരം നടന്ന ശേഷമാണ് കഴുത്തിൽ മാലയില്ലെന്നറിഞ്ഞത്. കരഞ്ഞുകൊണ്ട് അവൾ മടങ്ങിവന്നു. വീട്ടിലാകെ തിരഞ്ഞു. അവിടെയൊന്നും കണ്ടില്ല. അതിന്റെ പേരിൽ മദ്റസ മുടക്കേണ്ട എന്ന് പറഞ്ഞിട്ടും ഇവൾ കരച്ചിലോട് കരച്ചിൽ തന്നെ.”

“ഓ...അതുശരി...! ഇതിനാണോ കരയുന്നത്? ഹാദിയയുടെ കൂട്ടുകാരിക്ക് ആ മാല കിട്ടിയിരിക്കുന്നു. അവൾ അത് ഞങ്ങളെ ഏൽപിച്ചിട്ടുണ്ട്” ഉസ്താദ് പറഞ്ഞു.

ഇത് കേട്ടപ്പോൾ ഹാദിയയുടെ കണ്ണുകൾ സന്തോഷത്താൽ വിടർന്നു. അവളുടെ ഉമ്മക്കും ഏറെ സന്തോഷമായി. തിരിച്ചു കിട്ടിയ മാല ഹാദിയ കഴുത്തിലണിയവെ പ്രധാനാധ്യാപകൻ ഹാദിയയുടെ ഉമ്മയോടായി പറഞ്ഞു:

“കുട്ടികളെ ഇങ്ങനെ വിലകൂടിയ സ്വർണാഭരണം അണിയിച്ച് സ്കൂളിലേക്കും മദ്റസയിലേക്കും പറഞ്ഞയക്കാതിരിക്കുന്നതാണ് നല്ലത്. അത്കൊണ്ട് പല അനർഥങ്ങളുമുണ്ടാകും.”

ഹാദിയ ക്ലാസ്സിലിരുന്നു. ഉമ്മ തിരിച്ചുപോയി.

ഉസ്താദ് കുട്ടികളോടായി പറഞ്ഞു: “മക്കളേ, സത്യസന്ധത നന്മയിലേക്കും നന്മ സ്വർഗത്തിലേക്കും നയിക്കുമെന്ന് നബിﷺ പറഞ്ഞിട്ടുണ്ട്. നാം എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കണം. അല്ലാഹുവിൽനിന്ന് ഒന്നും മറച്ചുവെക്കാൻ നമുക്ക് കഴിയില്ല. നാം അല്ലാഹുവിനെ കാണുന്നില്ലെങ്കിലും അവൻ നമ്മെ കാണുന്നുണ്ട് എന്ന ബോധം നമുക്കുണ്ടാകണം. ചെറിയ തെറ്റുകൾ പോലും ചെയ്യരുത്. അങ്ങനെയുള്ളവരെ എല്ലാവരും ഇഷ്ടപ്പെടും. അല്ലാഹുവിനും അവരെ ഇഷ്ടമായിരിക്കും. നിങ്ങൾക്ക് അല്ലാഹുവിന്റെ ഇഷ്ടം ലഭിക്കേണ്ടേ?”

“വേണം...വേണം...” എല്ലാ കുട്ടികളും ഉച്ചത്തിൽ പറഞ്ഞു.

വിമർശനം

മൂസ സ്വലാഹി, കാര
moosakara001@gmail.com



# 3 ബറേൽവികൾ അഹ്‌ലുസ്സുന്നയുടെ കിരീടാവകാശികളോ?

**ശി**യായിസം പേറുന്ന ബറേൽവികളെയും സമസ്തയെയും അഹ്‌ലുസ്സുന്നയെന്ന് വിധിച്ച് മറ്റുള്ളവരെല്ലാം കടുത്ത മതവിരോധികളും പുത്തൻ വാദികളുമാണെന്ന് വരുത്തിത്തീർക്കാൻ 2019 ജൂലൈ ലക്കം 'സുന്നത്ത്' മാസികയിൽ ഒരു മുസ്‌ലിയാർ കാണിച്ച ചില വാചകക്കസർത്തുകളെക്കുറിച്ച് കഴിഞ്ഞ രണ്ടുലക്കങ്ങളിൽ നാം വിശദീകരിച്ചു.

വിശദീകരണം അനിവാര്യമായ ചില വിമർശനങ്ങൾ കൂടി ബാക്കിയുണ്ട്. ശിയായിസത്തിന്റെ വിശ്വാസാചാരങ്ങൾ ഏറ്റുപിടിക്കുന്നവരാണ് ഇരുവിഭാഗവും. ഇപ്പോൾ സമസ്ത കുടുങ്ങിയ കുരുക്കിൽ നിന്നും ഊരിച്ചാടാൻ കണ്ടെത്തിയ അടവുനയമാണ് ശിയാക്കളെ പിഴച്ചവരായി പ്രഖ്യാപിക്കുക എന്നത്. സമസ്ത പുതുതായി പുറത്തിറക്കുന്ന ഏത് അന്ധവിശ്വാസത്തിന്റെ പിന്നിലും ശിയാക്കളുടെ ഇടപെടലുണ്ടെന്ന് വിശ്വാസി സമൂഹം തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നുണ്ട് എന്ന ബോധ്യമാണ് ഇതിന്റെ പ്രധാന കാരണം.

ലേഖകൻ എഴുതുന്നു: "സുന്നികൾ പൊതുവെയും വിശിഷ്യാ ബറേൽവികളും ബ്രിട്ടീഷുകാർക്കെതിരിൽ യുദ്ധം ചെയ്യുന്നതിന് എതിരായിരുന്നുവെന്നും ദേവബന്ദികളും വഹാബികളുമാണ് ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിന് നേതൃത്വം കൊടുത്തതെന്നുമുള്ള പ്രചരണവും വസ്തുതക്ക് നിരക്കാത്ത ആരോപണം മാത്രമാണ്. ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിനും വൈദേശിക വിരുദ്ധ സമരങ്ങൾക്കും നേതൃത്വം നൽകിയ മമ്പുറം സയ്യിദ് അലവി തങ്ങൾ, വെളിയംകോട് ഉമർ ഖാളി, ആലി മുസ്‌ലിയാർ തുടങ്ങിയവരൊക്കെ അഹ്‌ലുസ്സുന്നയുടെ അമരക്കാരായിരുന്നു" (പേജ്: 41).

തങ്ങളുടെ വികൃതമുഖം മറച്ചുവെക്കുവാൻ സലഫികളെ കുത്തിനോവിക്കുക എന്നത് സമസ്തയുടെ പതിവു ശീലമാണ്. ഇത്രയും വലിയ നുണകൾ എഴുതിപ്പിടിപ്പിച്ചത് 'ഉൾഭയം' ഒന്ന് കൊണ്ട് മാത്രമാണ്. ബ്രിട്ടീഷുകാരുടെ തലോടലേറ്റ് വളർന്ന സമസ്തയുടെ പുതുതലമുറക്കേ ഇങ്ങനെയൊക്കെ പറഞ്ഞൊപ്പിക്കാൻ കഴിയൂ. ചരിത്ര സത്യങ്ങൾ മായ്ച്ചാലും മായില്ല എന്നതാണ് ഏക ആശ്വാസം. ബ്രിട്ടീഷുകാരുടെ പിണിയാളുകളും സ്വാതന്ത്ര്യസമരത്തിന് എതിരു നിന്നവരും ആയിരുന്നു സമസ്തക്കാർ എന്ന് അവർ തന്നെ എഴുതിയ ഈ വരികൾ തെളിയിക്കുന്നു:

"ശംസുൽ ഉലമ ഖുത്ബിയും ബ്രിട്ടീഷുകാർക്കെതിരിലുള്ള സ്വാതന്ത്ര്യസമരം ശരിയല്ലെന്ന വീക്ഷണക്കാരനായിരുന്നു. സൂറത്തുൽ മാഇദയിലെ 83ാം ആയത്തുദ്ധരിച്ച് കൊണ്ടായിരുന്നു ദീർഘവീക്ഷണമുള്ള ആ പണ്ഡിതൻ ബ്രിട്ടീഷുകാർ തന്നെ രാജ്യം ഭരിക്കുന്നതാണ് നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടുന്നതിനെക്കാൾ ഭേദമെന്നു സമർഥിച്ചിരുന്നത്" (ബുൽബുൽ ദശവാർഷികപ്പതിപ്പ്, പേജ്,195).

"ബ്രിട്ടീഷുകാരോടു സമരം നടത്തി അവരെ കെട്ടുകെട്ടിക്കലും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പരിശ്രമിക്കലും അനിവാര്യമാണെന്നു വാദിക്കുന്ന കുറേ മൗലവിമാരുണ്ടായിരുന്നു. അതിനു വേണ്ടി പ്രസംഗിക്കുകയും എഴുതുകയും അരയും തലയും മുറുക്കി രംഗത്തിറങ്ങുകയും ചെയ്തവർ. അവരിലധികപേരും അന്നത്തെ പരിഷ്‌കരണ ചിന്താഗതിക്കാരും യുവാക്കളായ പൊതുപ്രവർത്തകരും മലയാള കൃതികളും മറ്റും വായിക്കുന്നവരുമായിരുന്നു" (ബുൽബുൽ ദശവാർഷികപ്പതിപ്പ്, പേജ്: 199).

സമസ്ത ഊർജം കളഞ്ഞത് സ്വാതന്ത്ര്യത്തിന് വേണ്ടിയാണോ അതല്ല ബ്രിട്ടീഷുകാരുടെ സേവകരാകാനാണോ എന്നത് ഈ ഉദ്ധരണികളിൽനിന്നു തന്നെ വായനക്കാർക്ക് എളുപ്പത്തിൽ ബോധ്യമാകും. കേരളത്തിനകത്തും പുറത്തും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി സലഫി പണ്ഡിതന്മാർ സത്യസന്ധയോടെ പ്രയത്നിച്ചതിന്റെ രേഖകൾ ഇന്നും അവശേഷിക്കുന്നവയാണ്. ലേഖകൻ എണ്ണിപ്പറഞ്ഞവർക്ക് 1926ൽ ലോഗൻ സായിപ്പിന്റെ 'മിത്രം' വരക്കൽ മുല്ലക്കോയ തങ്ങൾ രൂപീകരിച്ച സമസ്തയുമായി എന്ത് ബന്ധമാണുള്ളത്? സ്വാതന്ത്ര്യസമര രംഗത്ത് അവർ നൽകിയ സംഭാവനകളെയെല്ലാം സമസ്തയുടെ അക്കൗണ്ടിൽ എഴുതിവെക്കാമെന്നത് വ്യാമോഹം മാത്രമാണ്.

ലേഖകൻ എഴുതുന്നു: "ഖാദിയാനികൾക്കും ശിയാക്കൾക്കുമെതിരെ നിരവധി ഗ്രന്ഥങ്ങൾ രചിച്ചവരാണ് ബറേലി പണ്ഡിതന്മാർ. ഖബറിനും വ്യക്തികൾക്കും മുമ്പിൽ ആരാധനാരൂപത്തിലല്ലാതെ കേവല ആദരവ് പ്രകടിപ്പിച്ചുകൊണ്ടു പോലും സുജൂദ് ചെയ്യുന്നത് നിഷിദ്ധമാണെന്ന് മുസ്‌ലിം പൊതുജനങ്ങളെ ബോധവൽക്കരിച്ചവരാണ് അവർ" (പേജ്: 42).

ഈ എതിർപ്പിന്റെ വരികൾ കാപട്യം മാത്രമാണ്. ശിയാക്കളുടെ ആദർശം ഇവർ എത്രമാത്രം നെഞ്ചേറ്റുന്നു എന്നതിന് തെളിവായി അവരുടെ വാക്കുകൾ തന്നെ കാണുക: "യാഹുസൈൻ, യാ സിബ്ത്തന്നബി എന്ന് വിളിച്ച് മഖ്ബറക്കരികിൽ തങ്ങളുടെ ആവശ്യങ്ങളും പ്രതിസന്ധികളും എണ്ണിപ്പറഞ്ഞു ചോദിക്കുകയാണ് ആയിരക്കണക്കിന് വിശ്വാസികൾ. മുസ്‌ലിം ലോകം ആ തിരുസന്നിധിയിൽ തീർക്കുന്ന പ്രവാചക സ്നേഹത്തിന്റെ പ്രകടനങ്ങൾക്കു മുമ്പിൽ ഞങ്ങൾ ഒന്നും അല്ലാതാവുന്നതുപോലെ തോന്നി. മൗലിദുകൾ, പ്രവാചക പ്രകീർത്തനങ്ങൾ, നശീദകൾ, സ്വലാത്തുകൾ, ക്വുർആൻ പാരായണം, സിയാറത്ത്, പ്രാർഥന തുടങ്ങി സജീവമായ മഖ്ബറയും പരിസരവും ഇപ്പോഴും മനസ്സിൽ ഒരു ആത്മസംതൃപ്തിയുടെ ഇടമായി നിലകൊള്ളുകയാണ്" (അൽഇർഫാദ് മാസിക, 2009 ഡിസംബർ, പേജ്: 22).

മുഹർറം മാസത്തിൽ മലപ്പുറം മുട്ടിപ്പടിയിലുള്ള എ.പി വിഭാഗം സമസ്തക്ക് കീഴിലെ കേന്ദ്രത്തിൽ ഹുസൈൻﷁവിന്റെ ആണ്ട് ഇപ്പോഴും നടന്ന്വരുന്നു എന്നതും ഇവരുടെ ശിയാ പ്രേമം വെളിവാക്കുന്നതാണ്. ഇരുവിഭാഗവും തമ്മിലുള്ള ആദർശപരമായ യോജിപ്പിനെക്കുറിച്ചും ഇവർ തന്നെ എഴുതുന്നു:

"അഖീദയുടെ കാര്യത്തിൽ രണ്ടും തമ്മിൽ അന്തരമുണ്ടെങ്കിലും പരസ്പരം കടിച്ചുകീറുന്ന അവസ്ഥ ഒട്ടുമേയില്ല. അഖീദയിലെ സുന്നികളും ശിയാക്കളും തമ്മിലുള്ള അന്തരം നിലനിൽക്കെ തന്നെ അതിശക്തമായി വഹാബികൾ ശിർക്കാരോപണത്തിന് സുന്നികളെ കരുവാക്കുന്ന തവസ്സുൽ, ഇസ്തിഗാസ, റസൂലുല്ലാഹിﷺമിന്റെ ഇസ്മത്ത്, എന്നിങ്ങനെയുള്ള വിഷയങ്ങളിലൊക്കെ സുന്നീ ശിയാ സാധർമ്യം വളരെ കൂടുതലുമാണ്" (സത്യധാര, 2015 ഡിസംബർ 1-15, പേജ്: 18).

ഇ.കെ വിഭാഗം സമസ്തയുടെ കീഴിൽ ചെമ്മാട് കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിന് ഇറാനിലെ പ്രമുഖ ശിയാ സ്ഥാപനങ്ങളുമായുള്ള അടുത്ത ബന്ധവും അവിടുത്തെ ശിയാ പണ്ഡിതരെ തുടരെത്തുടരെ സമസ്തയുടെ നേതാക്കൾ സന്ദർശിക്കുന്നതും രഹസ്യമല്ല. അന്ധവിശ്വാസങ്ങളിൽ കൈകോർത്ത് മുന്നേറുന്ന ഇവർക്കെങ്ങനെ പരസ്പരം എതിരാളികളാകാൻ കഴിയും?

ലേഖകൻ എഴുതുന്നു: "അതായത് രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നവരാണ് എക്കാലത്തും സുന്നി മുസ്‌ലിംകൾ. ദേവ്ബന്ദി, വഹാബി, ജമാഅത്തെ ഇസ്‌ലാമി, സലഫി തുടങ്ങിയ ഉൽപതിഷ്ണുക്കൾ രാജ്യത്തെ ഒറ്റിക്കൊടുക്കുന്നവരും ഐക്യവും അഖണ്ഡതയും തകർക്കുന്നവരും രാജ്യത്തെ മുഴുവൻ അമുസ്‌ലിംകളെയും ശത്രുക്കളുടെ ഗണത്തിൽ പെടുത്തി അവരെ അക്രമിക്കാനും അവരുടെ സ്വത്ത് അപഹരിക്കാനും രഹസ്യമായോ പരസ്യമായോ പദ്ധതികൾ അസൂത്രണം ചെയ്യുന്നവരാണ്" (പേജ്: 42).

ലേഖകന്റെ മനസ്സിലെ വിഷം പതഞ്ഞൊഴുകുന്നതായി ഈ വരികളിൽ കാണാം. എത്ര കടുത്ത ആരോപണമാണ് ടിയാൻ ഉന്നയിച്ചിരിക്കുന്നത്! മാപ്പർഹിക്കാത്ത അപരാധം. രാജ്യത്തിന്റെ വർത്തമാനകാല അവസ്ഥകളെക്കുറിച്ച് ചിന്തിക്കാൻ കഴിയാത്ത അവിവേകിയുടെ വാക്കുകൾ എന്ന് പറയാതിരിക്കാൻ നിർവാഹമില്ല. സമയവും സന്ദർഭവും നോക്കാതെ എന്തും വിളിച്ചു പറയുന്ന അദ്ദേഹത്തെ പോലെ തരംതാഴാൻ നമുക്ക് കഴിയില്ലല്ലോ.

കേരളത്തിലെ ഉൽപതിഷ്ണുക്കളായ മുസ്‌ലിംകൾ സമസ്തക്കാരെ പോലെ അന്യമത വിശ്വാസങ്ങളും ആചാരങ്ങളും കടംകൊള്ളുന്നില്ല എന്നേയുള്ളൂ; അവരോട് സ്നേഹത്തിലും സൗഹാർദത്തിലും ഇടപഴകുന്നതിലും മാനുഷികമായ ബന്ധം പുലർത്തുന്നതിലും സഹായസഹകരണങ്ങൾ നൽകുന്നതിലും അവർ മുൻപന്തിയിൽ തന്നെയാണ്. അന്യമതസ്ഥരെ ശത്രുക്കളായി കാണരുത് എന്ന് പഠിപ്പിക്കുന്നവരാണ്. നന്മയിലും പുണ്യത്തിലും പരസ്പരം സഹകരിക്കുവാനാണ് അല്ലാഹു കൽപിക്കുന്നത്. ആ കൽപന ശിരസ്സാ വഹിക്കുന്നവരാണ് സലഫികൾ. എന്നിരിക്കെ ഇതര മുസ്‌ലിം സംഘടനകളിൽ പെട്ടവരോട് പോലും അറപ്പും വെറുപ്പും ശത്രുതയും കാണിക്കുന്ന ഇവർക്ക് ധാർമികമായ എന്ത് അവകാശമാണുള്ളത് സലഫികളിൽ അന്യമത വിരോധം ആരോപിക്കാൻ?

ലേഖകൻ തുടരുന്നു: "നബിﷺയോട് സഹായാഭ്യർത്ഥന നടത്തുന്നത് അനുവദനീയമാണെന്ന വിശ്വാസക്കാരാണ് ഞങ്ങൾ. തിരുനബിﷺക്ക് അദൃശ്യജ്ഞാനമുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നു പ്രവാചകത്വത്തിന്റെ അടിസ്ഥാനം തന്നെ അദൃശ്യജ്ഞാനമാണ്" (പേജ്: 43).

ബറേൽവികളും സമസ്തയും ഒരു പോലെ വിശ്വസിച്ചാചരിച്ച് പോരുന്ന കാര്യത്തെ സംബന്ധിച്ചാണ് മുസ്‌ലിയാർ ഈ പറഞ്ഞിരിക്കുന്നത്. നബിﷺയോട് സഹായമർഥിക്കാം, നബിﷺക്ക് എപ്പോഴും അദൃശ്യമറിയും, പ്രവാചകത്വത്തിന്റെ അടിസ്ഥാനം അദൃശ്യജ്ഞാനമാണ് എന്നീ മൂന്ന് പിഴവുകളാണ് പ്ര

**കേരളത്തിലെ ഉൽപതിഷ്ണുക്കളായ മുസ്‌ലിംകൾ സമസ്തക്കാരെ പോലെ അന്യമത വിശ്വാസങ്ങളും ആചാരങ്ങളും കടംകൊള്ളുന്നില്ല എന്നേയുള്ളൂ; അവരോട് സ്നേഹത്തിലും സൗഹാർദത്തിലും ഇടപഴകുന്നതിലും മാനുഷികമായ ബന്ധം പുലർത്തുന്നതിലും സഹായസഹകരണങ്ങൾ നൽകുന്നതിലും അവർ മുൻപന്തിയിൽ തന്നെയാണ്. അന്യമതസ്ഥരെ ശത്രുക്കളായി കാണരുത് എന്ന് പഠിപ്പിക്കുന്നവരാണ്. നന്മയിലും പുണ്യത്തിലും പരസ്പരം സഹകരിക്കുവാനാണ് അല്ലാഹു കൽപിക്കുന്നത്. ആ കൽപന ശിരസ്സാ വഹിക്കുന്നവരാണ് സലഫികൾ. എന്നിരിക്കെ ഇതര മുസ്‌ലിം സംഘടനകളിൽ പെട്ടവരോട് പോലും അറപ്പും വെറുപ്പും ശത്രുതയും കാണിക്കുന്ന ഇവർക്ക് ധാർമികമായ എന്ത് അവകാശമാണുള്ളത് സലഫികളിൽ അന്യമതവിരോധം ആരോപിക്കാൻ?**

ധാനമായും ഇതിലുള്ളത്. അടിസ്ഥാനരഹിതമാണി തെല്ലാം. കാര്യകാരണ ബന്ധങ്ങൾക്കതീതമായി സഹായിക്കുക എന്നത് അല്ലാഹുവിന്റെ മാത്രം കഴിവായതിനാൽ അത്തരം സഹായതേട്ടങ്ങൾ അല്ലാഹുവിനോട് മാത്രമേ ആകാവൂ.

“നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു” (ക്വുർആൻ 1:5). ഇതാണ് നബിﷺ പഠിപ്പിച്ചത്. ഇത് വിശ്വാസികളുടെ പ്രതിജ്ഞയും പ്രഖ്യാപനവുമാണ്. അല്ലാഹു മാത്രമാണ് അദൃശ്യജ്ഞാനി. അല്ലാഹു പറയുന്നു:

“അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തി കൊടുക്കുകയില്ല. അവൻ തൃപ്തിപ്പെട്ട വല്ല ദൂതന്നുമല്ലാതെ. എന്നാൽ അദ്ദേഹത്തിന്റെ(ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപെടുത്തുക തന്നെ ചെയ്യുന്നതാണ്” (ക്വുർആൻ 72:26,27).

അല്ലാഹു പറയുന്നതിന് വിപരീതമായി ഇവർ നബിﷺക്ക് സദാ അദൃശ്യജ്ഞാനമുണ്ടെന്ന് വാദിക്കുന്നു. ‘അദൃശ്യജ്ഞാനപ്പട്ടം’ നബിﷺക്ക് മാത്രമല്ല എല്ലാ നബിമാർക്കും ഔലിയാക്കൾക്കും ചാർത്തിക്കൊടുക്കുന്ന സ്വഭാവമാണ് ഇവർക്കുള്ളത്. ഒരു ഉദാഹരണം കാണുക: “അമ്പിയാക്കൾക്കും ഔലിയാക്കൾക്കും അവരുടെ താൽപര്യപ്രകാരം മറഞ്ഞ കാര്യങ്ങൾ അല്ലാഹു അറിയിച്ചു കൊടുക്കുമെന്ന് ഇസ്ലാമിക പ്രമാണങ്ങൾ തെളിയിക്കുന്നുണ്ട്. പക്ഷേ, ഇസ്ലാമിലെ പരിഷ്കരണവാദികൾ ഇത് നിഷേധിക്കുന്നു” (സുന്നത്ത് ജമാഅത്ത്, സുലൈമാൻ സഖാഫി, പേജ്: 56).

നുബൂവ്വത്തിന്റെ ലക്ഷ്യം അദൃശ്യജ്ഞാനമാണെന്ന് പ്രമാണങ്ങളിലില്ല. അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർഥിക്കുവാനാണ് ഇവർ അദൃശ്യജ്ഞാനം ആയുധമാക്കുന്നത്. അല്ലാഹു പറയുന്നു: “തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ. (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും” (39:65).

ലേഖകൻ എഴുതുന്നു: “ബറേലിയിലെ തന്റെ വസതിയോട് ചേർന്നുള്ള അസ്ഹരി ഗസ്റ്റ്ഹൗസിനുള്ളിൽ പ്രത്യേകം തയ്യാർ ചെയ്ത ഖബറിടത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന അല്ലാമയുടെ ദർഗ സിയാറത്തിനായി പണ്ഡിതന്മാരുടെയും ശിഷ്യന്മാരുടെയും ഇഷ്ടജനങ്ങളുടെയും തിരക്കാണ്” (പേജ്: 43).

ക്വബ്ർ പൂജക്കും ആരാധനക്കും പ്രേരണയാകുന്ന ഇത്തരം പ്രവർത്തനങ്ങളോട് ഇസ്ലാമിന് ബന്ധമില്ല. ‘നബിﷺയുടെ ക്വബ്ർ ഒരു ചാൺ ഉയർത്തപ്പെട്ടതായി ഞാൻ കണ്ടു’ എന്ന് ജാബിർ(റ) വിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

സ്വഹാബത്തിന്റെ നിലപാടും ഈ വിഷയത്തിൽ വ്യക്തമാണ്. ‘അബുൽ ഹയ്യാജ് അൽഅസദി(റ) വിൽ നിന്ന് നിവേദനം; അലി(റ) എന്നോട് പറഞ്ഞു: “നബിﷺ എന്നെ നിയോഗിച്ച അതേ കാര്യങ്ങൾക്കു വേണ്ടി നിന്നെ ഞാൻ നിയോഗിക്കുന്നു. ഒരു സ്തൂപവും നീ നശിപ്പിക്കാതെ ഒഴിവാക്കരുത്. കെട്ടി ഉയർത്തപ്പെട്ട ഒരു ക്വബ്റും നിരപ്പാക്കാതെയും വിടരുത്”(മുസ്‌ലിം).

ഞങ്ങൾ കറകളഞ്ഞ ശാഫിഈ മദ്ഹബുകാരാണെന്ന് പെരുമ്പറയടിച്ച് നടക്കുന്നവർക്ക് ക്വബ്റുകൾ കെട്ടിപ്പൊക്കി ദർഗകളാക്കുന്നതിന് ശാഫിഈ മദ്ഹബിന്റെ പിന്തുണയില്ല എന്നതാണ് വസ്തുത. ഇമാം ശാഫിഈ(റ) പറയുന്നു: “മക്കയിലെ ഭരണാധികാരികൾ അവിടുത്തെ ക്വബ്റുകളിന്മേൽ നിർമിച്ചവ പൊളിച്ചുകളയുന്നത് ഞാൻ കണ്ടിട്ടുണ്ട്. മക്കയിലെ ഒരു പണ്ഡിതനും അതിനെ ആക്ഷേപിക്കുന്നതായി ഞാൻ കണ്ടിട്ടില്ല” (അൽ ഉമ്മ്, വാള്യം: 1, പേജ്: 463,464).

ഇബ്നു ഹജറുൽ ഹൈതമി പറയുന്നു: “കെട്ടിപ്പൊക്കിയ ക്വബ്റുകളും അതിന്മേലുള്ള ഖുബ്ബകളും പൊളിച്ചു നീക്കൽ നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ അത് മസ്ജിദുള്ളിറാറിനെക്കാൾ (കപട വിശ്വാസികളുടെ പള്ളി) അപകടം പിടിച്ചതാണ്. (ഇത്തരം ജാറങ്ങളും ഖുബ്ബകളും) നിർമിക്കപ്പെട്ടത് നബിﷺയുടെ കൽപന ധിക്കരിച്ചു കൊണ്ടാണ്. നിശ്ചയം നബിﷺ അതിനെ വിലക്കുകയും ഉയർന്നു നിൽക്കുന്ന ക്വബ്റുകളെ തട്ടിനിരപ്പാക്കാൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്” (അസ്സവാജിർ, വാള്യം: 1, പേജ്: 148,149).

ബറേൽവികൾ ക്വബ്റാരാധകരല്ലെന്ന് വരുത്തിത്തീർക്കാൻ തന്റെ ലേഖനത്തിലൂടെ മുസ്‌ലിയാർ ശ്രമിക്കുന്നുണ്ട്. പിന്നെ എന്തിനാണ് ഇവർ നേതാവിന്റെ ക്വബ്ർ ദർഗയാക്കി സന്ദർശന കേന്ദ്രമാക്കിയിരിക്കുന്നത്? മുൻഗാമികളിൽ ഇതിന് ശരിയായ വല്ല മാതൃകയുമുണ്ടോ? പ്രമാണങ്ങളിൽ നിന്ന് മതിയായ തെളിവ് കൊണ്ടുവരാമോ? ഒരു മാതൃകയുമില്ല, ഒരു തെളിവും കാണിക്കാനും സാധ്യമല്ല. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 74, ഭാഗം: 4

# അൽമുദ്ദസ്സിർ (പുതച്ചുമൂടിയവൻ)

كَلَّا وَٱلۡقَمَرِ ﴿٣٢﴾

وَٱلَّيۡلِ إِذۡ أَدۡبَرَ ﴿٣٣﴾

وَٱلصُّبۡحِ إِذَآ أَسۡفَرَ ﴿٣٤﴾

إِنَّهَا لَإِحۡدَى ٱلۡكُبَرِ ﴿٣٥﴾

نَذِيرًا لِّلۡبَشَرِ ﴿٣٦﴾

لِمَن شَآءَ مِنكُمۡ أَن يَتَقَدَّمَ أَوۡ يَتَأَخَّرَ ﴿٣٧﴾

ٱلنَّارِ كُلُّ نَفۡسِۭ بِمَا كَسَبَتۡ رَهِينَةٌ ﴿٣٨﴾

إِلَّآ أَصۡحَٰبَ ٱلۡيَمِينِ ﴿٣٩﴾

فِي جَنَّٰتٖ يَتَسَآءَلُونَ ﴿٤٠﴾

عَنِ ٱلۡمُجۡرِمِينَ ﴿٤١﴾

مَا سَلَكَكُمۡ فِي سَقَرَ ﴿٤٢﴾

قَالُواْ لَمۡ نَكُ مِنَ ٱلۡمُصَلِّينَ ﴿٤٣﴾

وَلَمۡ نَكُ نُطۡعِمُ ٱلۡمِسۡكِينَ ﴿٤٤﴾

وَكُنَّا نَخُوضُ مَعَ ٱلۡخَآئِضِينَ ﴿٤٥﴾

وَكُنَّا نُكَذِّبُ بِيَوۡمِ ٱلدِّينِ ﴿٤٦﴾

حَتَّىٰٓ أَتَىٰنَا ٱلۡيَقِينُ ﴿٤٧﴾

فَمَا تَنفَعُهُمۡ شَفَٰعَةُ ٱلشَّٰفِعِينَ ﴿٤٨﴾

32) നിസ്സംശയം, ചന്ദ്രനെ തന്നെയാണ സത്യം.

33) രാത്രി പിന്നിട്ട് പോകുമ്പോൾ അതിനെ തന്നെയാണ സത്യം.

34) പ്രഭാതം പുലർന്നാൽ അതു തന്നെയാണ സത്യം.

35) തീർച്ചയായും അത് (നരകം) ഗൗരവമുള്ള കാര്യങ്ങളിൽ ഒന്നാകുന്നു.

36) മനുഷ്യർക്ക് ഒരു താക്കീതെന്ന നിലയിൽ.

37) അതായത് നിങ്ങളിൽ നിന്ന് മുന്നോട്ട് പോകാനോ പിന്നോട്ട് വെക്കാനോ ഉദ്ദേശിക്കുന്നവർക്ക്.

38) ഓരോ വ്യക്തിയും താൻ സമ്പാദിച്ചു വെച്ചതിന് പണയപ്പെട്ടവനാകുന്നു.

39) വലതുപക്ഷക്കാരൊഴികെ.

40) ചില സ്വർഗത്തോപ്പുകളിലായിരിക്കും അവർ. അവർ അന്വേഷിക്കും;

41) കുറ്റവാളികളെപ്പറ്റി,

42) നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചത് എന്തൊന്നാണെന്ന്.

43) അവർ (കുറ്റവാളികൾ) മറുപടി പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായില്ല.

44) ഞങ്ങൾ അഗതിക്ക് ആഹാരം നൽകുമായിരുന്നില്ല.

45) തോന്നിവാസത്തിൽ മുഴുകുന്നവരുടെ കൂടെ ഞങ്ങളും മുഴുകുമായിരുന്നു.

46) പ്രതിഫലത്തിന്റെ നാളിനെ ഞങ്ങൾ നിഷേധിച്ചു കളയുമായിരുന്നു.

47) അങ്ങനെയിരിക്കെ ആ ഉറപ്പായ മരണം ഞങ്ങൾക്ക് വന്നെത്തി.

48) ഇനി അവർക്ക് ശുപാർശക്കാരുടെ ശുപാർശയൊന്നും പ്രയോജനപ്പെടുകയില്ല.

32-34). (كَلَّا) എന്ന വാക്കിന്റെ അർഥം ഇവിടെ 'സത്യം,' 'സംശയമില്ലാത്ത കാര്യം' എന്നോ; അല്ലെങ്കിൽ ഉണർത്താൻ വേണ്ടി വാചകത്തിന്റെ തുടക്കത്തിൽ ഉപയോഗിക്കുന്ന (أَلَا) എന്നതിന്റെ അർഥമോ ആയിരിക്കും. എന്നിട്ട് അല്ലാഹു ചന്ദ്രനെക്കൊണ്ട് സത്യം ചെയ്യുന്നു. രാത്രി പിന്നിട്ടുപോകുമ്പോൾ അതിനെക്കൊണ്ടും. പുലർന്ന് വരുന്ന പകലിനെക്കൊണ്ടും. ഈ പറയപ്പെട്ടവയെല്ലാം അല്ലാഹുവിന്റെ പരിപൂർണമായ കഴിവിനെയും യുക്തിജ്ഞാനത്തെയും അധികാരത്തിന്റെ വിശാലതയെയും കാരുണ്യത്തിന്റെ സമഗ്രതയെയും അറിവിന്റെ സമ്പൂർണതയെയും അറിയിക്കുന്നു. ഇവിടെ സത്യം ചെയ്തു പറയുന്നതാവട്ടെ (തീർച്ചയായും അത് (നരകം) ഗൗരവമുള്ള കാര്യങ്ങളിൽ ഒന്നാകുന്നു).

നരകം മഹാവിപത്തുക്കളിൽ ഒന്നും ഗൗരവകരമായ കാര്യവും തന്നെ. നാം അതിനെക്കുറിച്ച് അറിയിച്ചുതരുമ്പോൾ നിങ്ങൾ അതിനെക്കുറിച്ച് ഉൾക്കാഴ്ചയുള്ളവരാകണം. നിങ്ങളിൽ നിന്നും മുന്നോട്ടുപോകുവാൻ ഉദ്ദേശിക്കുന്നവൻ അല്ലാഹുവിലേക്കും അവന്റെ തൃപ്തിയിലേക്കും അവന്റെ ആദരണീയ ഭവനത്തിലേക്കും അടുപ്പിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു. അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന കാര്യങ്ങളിൽ നിന്ന് പിറകോട്ട് പോകുവാൻ ഉദ്ദേശിക്കുന്നവൻ തിന്മകൾ പ്രവർത്തിച്ച് നരകത്തിലേക്ക് അടുക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

وَقُلِ ٱلْحَقُّ مِن رَّبِّكُمْ ۖ فَمَن شَآءَ فَلْيُؤْمِن وَمَن
شَآءَ فَلْيَكْفُرْ ۚ

"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ"(18:29).

38-48). (ഓരോ വ്യക്തിയും താൻ സമ്പാദിച്ചുവെച്ചതിന്) നന്മയായോ തിന്മയായോ പ്രവർത്തിക്കുന്നവയ്ക്ക്. (പണയപ്പെട്ടവനാകുന്നു) തന്റെ പരിശ്രമങ്ങളിൽ ബന്ധനസ്ഥനാണ്. അത് അവന്റെ കഴുത്തിൽ ചേർക്കപ്പെട്ട്, പിരടിയിൽ ബന്ധിക്കപ്പെട്ട് ശിക്ഷ അവന്റെ മേൽ അനിവാര്യമാക്കിത്തീർക്കുകയും ചെയ്യുന്നു.

(വലതുപക്ഷക്കാരൊഴികെ) അവർ പണയത്തിലായവരല്ല, മറിച്ച് മോചിതരും സന്തോഷവാന്മാരുമാണ്. (ചില സ്വർഗത്തോപ്പുകളിലായിരിക്കും അവർ). അവർ അന്വേഷിക്കും. (കുറ്റവാളികളെപ്പറ്റി). സ്വർത്തിൽ അവരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റപ്പെടുകയും സമാധാനാവും സന്തോഷവും പൂർണമാവുകയും ചെയ്യും. അങ്ങനെ അവർ അന്വേഷിച്ചുകൊണ്ട് വരും. കുറ്റവാളികളോട് ചോദ്യങ്ങൾ

**അസത്യമായ ആശയങ്ങളിൽ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കെ മരണം വന്നെത്തിയവർ അവിശ്വാസത്തിലായി മരണപ്പെട്ടപ്പോൾ അവരുടെ സൂത്രങ്ങളെല്ലാം വ്യഥാവിലായി. അവരുടെ മുഖത്തെ പ്രതീക്ഷകളടഞ്ഞു. ഇനി അവർക്ക് ശിപാർശക്കാരുടെ ശിപാർശയൊന്നും പ്രയോജനപ്പെടുകയില്ല.**

ചോദിക്കുന്ന സംഭാഷണങ്ങൾ അവർക്കിടയിൽ നടക്കും. ഏത് അവസ്ഥയിലാണ് അവർ അവിടേക്ക് എത്തിയത്? അല്ലാഹു അവരോട് കരാർ ചെയ്തത് അവർക്ക് ലഭിച്ചോ? അപ്പോൾ അവരിൽ ചിലർ ചിലരോട് പറയും: നിങ്ങൾ നരകത്തിലേക്ക് നോക്കുന്നില്ലേ? അപ്പോൾ അവരെ നരക മധ്യത്തിൽ ശിക്ഷിക്കപ്പെടുന്നവരായി കണ്ടെത്തും. അപ്പോൾ അവർ അവരോട് ചോദിക്കും: (നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചത് എന്താണെന്ന്). അതായത് നരകത്തിൽ പ്രവേശിക്കാൻ കാരണമെന്താണ്? അതിനു അർഹമാക്കിയ തെറ്റെന്താണ്? (അവർ മറുപടി പറയും: ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായില്ല. ഞങ്ങൾ അഗതിക്ക് ആഹാരം നൽകുമായിരുന്നില്ല) ആരാധ്യനോട് ആത്മാർഥതയോ നന്മയോ ചെയ്തില്ല. ആവശ്യക്കാരായ സൃഷ്ടികൾക്ക് ഉപകാരവും ചെയ്തില്ല.

(തോന്നിവാസത്തിൽ മുഴുകുന്നവരുടെ കൂടെ ഞങ്ങളും മുഴുകുമായിരുന്നു). സത്യത്തോട് തർക്കിക്കുകയും അസത്യത്തിൽ മുഴുകുകയും ചെയ്തു. (പ്രതിഫലത്തിന്റെ നാളിനെ ഞങ്ങൾ നിഷേധിച്ചുകളയുമായിരുന്നു). ഇത് അസത്യത്തിൽ മുഴുകുന്നതിന്റെ അനന്തരഫലങ്ങളാണ്. അതായത് സത്യത്തെ കളവാക്കുക. ഏറ്റവും വലിയ സത്യം പ്രതിഫല നടപടിയുടെ ദിനമാണ്. അത് പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്ന, മറ്റു സൃഷ്ടികളോട് അല്ലാഹുവിന്റെ ആധിപത്യവും നീതിപൂർവകമായ തീരുമാനവും വ്യക്തമാകുന്ന സ്ഥാനവുമാണ്. അസത്യമായ ആശയങ്ങളിൽ നമ്മുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കെ (അങ്ങനെ ആയിരിക്കുന്ന ഉറപ്പായ മരണം ഞങ്ങൾക്ക് വന്നെത്തി). അങ്ങനെ അവർ അവിശ്വാസത്തിലായി മരണപ്പെട്ടപ്പോൾ അവരുടെ സൂത്രങ്ങളെല്ലാം വ്യഥാവിലായി. അവരുടെ മുഖത്തെ പ്രതീക്ഷകളടഞ്ഞു. (ഇനി അവർക്ക് ശിപാർശക്കാരുടെ ശിപാർശയൊന്നും പ്രയോജനപ്പെടുകയില്ല). കാരണം അവർ അല്ലാഹു തൃപ്തിപ്പെട്ടവർക്ക് മാത്രമേ ശിപാർശ ചെയ്യൂ. ഇത്തരം ആളുകളുടെ പ്രവർത്തനങ്ങളെ അല്ലാഹു തൃപ്തിപ്പെടുത്തുകയില്ല. ●

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# വീടു നിർമാണം പ്രവാസികൾ ലക്ഷ്യം മറക്കുന്നുവോ?

ഒരുദിവസം കമ്പനി മാനേജർ പറഞ്ഞു: "വീട്ടിൽ ചിതൽ കയറിത്തുടങ്ങി. അമ്മ മരിച്ചപ്പോൾ പിന്നെ വീടിന്റെ കാര്യങ്ങൾ നോക്കാൻ ആരുമില്ല. ഏൽപിച്ച വേലക്കാരിയാണെങ്കിൽ വല്ലപ്പോഴും വന്നു പോകും."

അദ്ദേഹം സൗദിയിൽ വർഷങ്ങളായി കുടുംബ സമേതം താമസിക്കുകയാണ്. രണ്ട് ആൺമക്കളും വിദേശത്ത് ജോലി ചെയ്യുന്നു. ശരാശരി പ്രവാസിയുടെ വീടിന്റെ അവസ്ഥയാണിത്.

അന്തിയുറങ്ങാൻ സ്വന്തമായൊരിടം എന്നത് ഏതൊരാളുടെയും സ്വപ്നമാണ്; പലപ്പോഴും അഭിമാനവും. ജീവിതത്തിരക്കുകൾക്കിടയിൽ സ്വസ്ഥമായൊന്ന് വിശ്രമിക്കാനും സമാധാനത്തോടെ അന്തിയുറങ്ങാനും വീട് അനിവാര്യമാണ്. സമ്പാദ്യത്തിലെ നല്ലൊരു ഭാഗം വീട് പണിയാൻ ചെലവഴിക്കുന്നവരാണ് മലയാളികൾ, പ്രത്യേകിച്ചും പ്രവാസികൾ. അഞ്ച് ലക്ഷം മുതൽ അൻപത് ലക്ഷം രൂപ വരെയാണ് ഇതിനായി ചെലവഴിക്കുന്നത്. അ

തിലേറെ ചെലവഴിക്കുന്നവരുമുണ്ട്. കാലം മാറിയപ്പോൾ നമ്മുടെ സങ്കൽപങ്ങൾക്കും കാതലായ മാറ്റങ്ങൾ സംഭവിച്ചു. മുമ്പ് വീട് അന്തിയുറങ്ങാനായിരുന്നെങ്കിൽ ഇന്നത് ആർഭാടത്തിന് വഴിമാറി. തന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾക്കും സൗകര്യങ്ങൾക്കും വേണ്ടിയായിരുന്നു വീടിന്റെ പ്ലാൻ തയ്യാറാക്കിയിരുന്നതെങ്കിൽ മറ്റുള്ളവരുടെ വീട്ടിലെ സൗകര്യവും അതിന്റെ ഭംഗിയുമാണ് ഇന്ന് നമ്മുടെ പ്ലാനുകളെ സ്വാധീനിക്കുന്നത്.

അയൽ വീട്ടിലെ മുറികളുടെ എണ്ണത്തിലും കൂടുതൽ മുറികൾ എന്റെ വീട്ടിൽ ഉണ്ടാകണം. അവന്റെ വീടിനെക്കാൾ ഭംഗിയുള്ളതാവണം പെയിന്റ്. രാവിനെ പകലാക്കും വിധം പ്രകാശപൂരിതമാവണം ലൈറ്റ് സംവിധാനങ്ങൾ. ഗസ്റ്റ് റൂമും വിശാലമായ ലിവിങ് റൂമും ഡൈനിങ് ഹാളും ഇല്ലാതെ വീടാകില്ലല്ലോ. ഒരു വശത്ത്നിന്ന് ശബ്ദമുണ്ടാക്കിയാൽ മറുവശത്ത് കേൾക്കാത്തവിധം വിശാലമായിരിക്കണം വീട്. പിന്നെ ഇന്റീരിയർ വർക്കുകൾ കണ്ണഞ്ചിപ്പിക്കുന്നതാകണം. അത്യാധുനിക അടുക്കള, മനോഹരമായ ടൈൽസും മാർബിളും കൊണ്ട് അലങ്കരിച്ചതാവണം നിലം. വീടിന് ചുറ്റും ബാക്കിയുള്ള മുഴുവൻ സ്ഥലത്തും ഒരുതുള്ളി വെള്ളംപോലും ഭൂമിയിലേക്ക് ഇറങ്ങാത്തവിധം ടൈൽസുകൾ വിരിക്കണം. വാതിലും ജനലുകളും അലമാരകളും ഫർണിച്ചറുകളും വീട്ടുപകരണങ്ങളും കൊത്തുപണികളാൽ മനോഹരമാകണം. വിശാലമായ കാർ പോർച്ചും അലങ്കാര ചെടികളും വീടിന്റെ ലുക്കാണ്. മനോഹരമായ മതിലും രാജകീയമായ ഗെയിറ്റും അനിവാര്യം.

ലക്ഷ്യത്തിൽ നിന്ന് ബഹുദൂരം നമ്മൾ അകന്നു. സമാധാനത്തോടെ അന്തിയുറങ്ങാൻ ഉണ്ടാക്കിയിരുന്ന വീടുകൾ അസമാധാനത്തിന്റെ കേന്ദ്രങ്ങളായി മാറി. കുടുംബവും കൂടെയുള്ളവരും തീർത്ത മാസ്മരികലോകത്തെ സങ്കൽപങ്ങൾക്കനുസരിച്ച് വീടുപണി തുടങ്ങിയപ്പോൾ കയ്യിലുള്ള പണം മതിയാവാതെ വന്നു. മോഹന വാഗ്ദാനങ്ങളുമായി നിരന്തരം ശല്യപ്പെടുത്തിയ ബാങ്ക് ഉദ്യോഗസ്ഥൻ വിരിച്ച വലയിൽ വീണ് ലോണെടുക്കാൻ നിർബന്ധിതനായി. പലിശയെന്ന ദുരന്തം ഇഹലോകവും പരലോകവും തകർക്കുന്നതാണെന്ന ബോധ്യം നഷ്ടമായി.

അബൂഹുറയ്റ(റ) ഉദ്ധരിച്ചക്കുന്നു; നബി(ﷺ) പ്രസ്താവിച്ചു: "പലിശ 70 വിഭാഗമുണ്ട്. അവയിൽ ഏറ്റവും ലഘുവായത് ഒരാൾ തന്റെ മാതാവിനെ വ്യഭിചരിക്കുന്നതിനു തുല്യമാണ്" (ഇബ്നുമാജ).

ജാബിർ(റ) പറയുന്നു: "പലിശ ഭക്ഷിക്കുന്നവനെയും അത് ഭക്ഷിപ്പിക്കുന്നവനെയും അത് രേഖപ്പെടുത്തി വെക്കുന്നവനെയും അതിന്റെ സാക്ഷികളെയും അല്ലാഹുവിന്റെ തിരുദൂതർ(ﷺ) ശപിച്ചിട്ടുണ്ട്. അവർ കുറ്റത്തിൽ സമന്മാരാണെന്ന് അവിടന്ന് പറയുകയും ചെയ്തിട്ടുണ്ട്" (മുസ്ലിം, തുർമുദി).

ലോൺ തിരിച്ചടവും ഭീമമായ വൈദ്യുതി ബില്ലും വലിയ ഭാരമായി മാറുന്നു. വലിയ വീട് വൃത്തിയാക്കാൻ വീട്ടുകാരിയെ കൊണ്ട് സാധ്യമല്ല. അവളെ സഹായിക്കാൻ ഒരു വേലക്കാരിയെ വെക്കണം. വൃത്തിയാക്കുന്നതിനിടെ അബദ്ധത്തിൽ വീണുടഞ്ഞ ഡൈനിങ് ടേബിളിന്റെ ഗ്ലാസ്സ് മാറ്റാൻ പതിനായിരങ്ങൾ വേണം. വീടു കാണാൻ വരുന്ന ഓരോരുത്തരും അത് അങ്ങനെയല്ല ഇങ്ങനെയാണ് വേണ്ടിയിരുന്നത്, അത് അവിടെയുള്ളതിനെക്കാൾ മറ്റേ ഭാഗത്തതായിരുന്നു കൂടുതൽ ഭംഗി തുടങ്ങിയ കമൻറുകൾ വേറെയും.എല്ലാം കൂടിയാകുമ്പോൾ കൊട്ടാര സമാനമായ വീട്ടിൽ സ്വസ്ഥത നഷ്ടപ്പെട്ട് കഴിയേണ്ടിവരികയാണ് പലർക്കും.



**അന്തിയുറങ്ങാൻ സ്വന്തമായൊരിടം എന്നത് ഏതൊരാളുടെയും സ്വപ്നമാണ്; പലപ്പോഴും അഭിമാനവും. ജീവിതത്തിരക്കുകൾക്കിടയിൽ സ്വസ്ഥമായൊന്ന് വിശ്രമിക്കാനും സമാധാനത്തോടെ അന്തിയുറങ്ങാനും വീട് അനിവാര്യമാണ്. സമ്പാദ്യത്തിലെ നല്ലൊരു ഭാഗം വീട് പണിയാൻ ചെലവഴിക്കുന്നവരാണ് മലയാളികൾ, പ്രത്യേകിച്ചും പ്രവാസികൾ. കാലം മാറിയപ്പോൾ നമ്മുടെ സങ്കൽപങ്ങൾക്കും കാതലായ മാറ്റങ്ങൾ സംഭവിച്ചു. മുമ്പ് വീട് അന്തിയുറങ്ങാനായിരുന്നെങ്കിൽ ഇന്നത് ആർഭാടത്തിന് വഴിമാറി. തന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾക്കും സൗകര്യങ്ങൾക്കും വേണ്ടിയായിരുന്നു വീടിന്റെ പ്ലാൻ തയ്യാറാക്കിയിരുന്നതെങ്കിൽ മറ്റുള്ളവരുടെ വീട്ടിലെ സൗകര്യവും അതിന്റെ ഭംഗിയുമാണ് ഇന്ന് നമ്മുടെ പ്ലാനുകളെ സ്വാധീനിക്കുന്നത്.**

ഈ അവസ്ഥക്ക് കാരണം അവനവൻ തന്നെയല്ലേ? എന്താണ് വീടുണ്ടാക്കുന്നതിന്റെ ലക്ഷ്യം? എന്റെ സാമ്പത്തിക സ്ഥിതി എന്താണ്? വീട്ടിൽ എത്ര അംഗങ്ങൾ ഉണ്ട്? വീട്ടിൽ എന്തൊക്കെ അത്യാവശ്യമായി വേണം? ആവശ്യമില്ലാത്തത് എന്തെല്ലാം? വീട് നിർമിച്ചാൽ അത് വൃത്തിയായി സൂക്ഷിക്കാൻ എന്റെ കുടുംബത്തിന് സാധിക്കുമോ? ഇതൊക്കെ അനിവാര്യമായ ചിന്തകളാണ്. ഈ ആലോചനകളുടെ അഭാവമാണ് അടിസ്ഥാന പ്രശ്നം. അത് പരിഹരിക്കേണ്ടത് നമ്മളാണ്. നമ്മുടെ അത്യാവശ്യങ്ങളും ആവശ്യങ്ങളും തീരുമാനിക്കേണ്ടത് നാം തന്നെയാണ്; മറ്റുള്ളവരല്ല. എല്ലാറ്റിനും എന്ന പോലെ വീട് പണിയുടെ പേരിലും നമ്മെ ചൂഷണം ചെയ്യാൻ തക്കംപാർത്തിരിക്കുന്നവർ നമുക്ക് ചുറ്റുമുണ്ടെന്നത് മറക്കരുത്. ഗൾഫുകാരനെ ചൂഷണം ചെയ്യാനും അവന്റെ സമ്പാദ്യം കൈക്കലാക്കാനുമുള്ള മനോഹര പ്ലാനുകളുമായി സമീപിക്കുന്നവരെ തിരിച്ചറിയാതെ പോകരുത്.



**പൊങ്ങച്ചം കാണിക്കാനും പണം ധൂർത്തടിക്കാനും ഉള്ളതല്ല വീട്. തന്റെ ആവശ്യങ്ങൾക്കനുസരിച്ചാവണം പ്ലാൻ; അന്യന്റെ സങ്കൽപങ്ങൾക്കനുസരിച്ചല്ല. വർഷത്തിലൊരിക്കൽ വരാനിരിക്കുന്ന അതിഥികൾക്ക് വേണ്ടി വിശാലമായ മുറികൾ പണിത് ലക്ഷങ്ങൾ പാഴാക്കേണ്ടതുണ്ടോ? അങ്ങനെ ഓരോ കാര്യത്തിലും കൃത്യമായ കാഴ്ചപ്പാട് ഉണ്ടാവണം. തനിക്കുള്ള മുഴുവൻ സ്ഥലത്തും വിശാലമായ വീട് എന്നതിന് പകരം മക്കൾക്ക് കളിച്ചു വളരാനും ആവശ്യത്തിന് വെള്ളം ലഭിക്കാനും വീട്ടുകാർക്ക് അൽപം കൃഷി ചെയ്യാനും ഒക്കെയുള്ള സ്ഥലം വീടിന് ചുറ്റും ഉണ്ടാകണം എന്ന ചിന്ത വേണം.**

തനിക്കും കുടുംബത്തിനും സ്വസ്ഥമായും സമാധാനത്തോടെയും അന്തിയുറങ്ങാനുള്ള ഇടമാണ് വീട് എന്ന തിരിച്ചറിവ് ആദ്യം നമുക്കുണ്ടാവണം. പൊങ്ങച്ചം കാണിക്കാനും പണം ധൂർത്തടിക്കാനും ഉള്ളതല്ല വീട്. തന്റെ ആവശ്യങ്ങൾക്കനുസരിച്ചാവണം പ്ലാൻ; അന്യന്റെ സങ്കൽപങ്ങൾക്കനുസരിച്ചല്ല. വർഷത്തിലൊരിക്കൽ വരാനിരിക്കുന്ന അതിഥികൾക്ക് വേണ്ടി വിശാലമായ മുറികൾ പണിത് ലക്ഷങ്ങൾ പാഴാക്കേണ്ടതുണ്ടോ? അങ്ങനെ ഓരോ കാര്യത്തിലും കൃത്യമായ കാഴ്ചപ്പാട് ഉണ്ടാവണം. തനിക്കുള്ള മുഴുവൻ സ്ഥലത്തും വിശാലമായ വീട് എന്നതിന് പകരം മക്കൾക്ക് കളിച്ചു വളരാനും ആവശ്യത്തിന് വെള്ളം ലഭിക്കാനും വീട്ടുകാർക്ക് അൽപം കൃഷി ചെയ്യാനും ഒക്കെയുള്ള സ്ഥലം വീടിന് ചുറ്റും ഉണ്ടാകണം എന്ന ചിന്ത വേണം.

ഓരോരുത്തരും അവരവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച വീടിനെക്കുറിച്ചേ സ്വപ്നം കാണാവൂ, ആഗ്രഹിക്കാവൂ, പരിശ്രമിക്കാവൂ. കയ്യിലുള്ള സമ്പാദ്യത്തിനനുസരിച്ചാവണം നിർമാണത്തിന് ഒരുങ്ങേണ്ടത്. നാളെ വരാനിരിക്കുന്ന ലാഭം കണക്ക് കൂട്ടി ബാധ്യതകൾ ഉണ്ടാക്കി വെക്കരുത്. ജീവിതത്തിൽ എന്തും എപ്പോഴും സംഭവിക്കാം. നമ്മുടെ അലംഭാവം കാരണം ഉള്ളതെല്ലാം നഷ്ടപ്പെട്ട് നാളെ നാട്ടുകാരുടെ മുമ്പിൽ കൈനീട്ടുന്ന അവസ്ഥയിലേക്ക് കുടുംബത്തെ തള്ളിവിടരുത്. കാര്യങ്ങൾ അവധാനതയോടെ കൈകാര്യം ചെയ്യാനുമുള്ള വിവേകം നാം കാണിക്കണം.

വീടുപണി നടക്കുന്ന കാരണത്താൽ പല പ്രവാസികളും വർഷങ്ങളോളം നാട്ടിൽ പോകാറില്ല. ഒരു പക്ഷേ, കുടുംബം അതിന് സമ്മതിക്കാറില്ല. വീടുപണി കഴിയട്ടെ എന്ന് അവർ പറയും. ഒരു ചെറിയ മുറിയിൽ ആറും എട്ടും ആളുകൾ ഇരുനില കട്ടിലിൽ ഞെങ്ങി ജീവിതം തള്ളി നീക്കുന്നു. അതാണ് പ്രവാസികളുടെ അവസ്ഥ. എന്നാൽ നാട്ടിൽ അവർക്ക് സ്വന്തമായി ഇരുനില വീടു തന്നെ വേണം. വീടുകൾക്ക് വലിപ്പം കൂടുമ്പോൾ അത് നമുക്ക് കൂടുതൽ ഭാരമാവുകയും സമാധാനവും സ്വസ്ഥതയും നഷ്ടപ്പെടുകയും ചെയ്യുന്നു എന്നത് യാഥാർഥ്യമല്ലേ?

ഒരിക്കലും നമുക്ക് ലാഭം തരാത്ത നിക്ഷേപമാണ് വീട്. അത് ഏറ്റവും കുറഞ്ഞ ചെലവിൽ നിർമിക്കാൻ നമുക്ക് കഴിയണം. ജീവിതയാത്രക്കിടയിൽ വീണുപോയാൽ മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടു

**ഒരിക്കലും നമുക്ക് ലാഭം തരാത്ത നിക്ഷേപമാണ് വീട്. അത് ഏറ്റവും കുറഞ്ഞ ചെലവിൽ നിർമിക്കാൻ നമുക്ക് കഴിയണം. ജീവിതയാത്രക്കിടയിൽ വീണുപോയാൽ മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടുന്ന അവസ്ഥ ഇല്ലാതിരിക്കാൻ ആവശ്യമായ വരുമാന സ്രോതസ്സുകൾ ഉണ്ടാക്കാൻ ആവശ്യമായ നിക്ഷേപത്തിന് പ്രാധാന്യം നൽകണം. ജീവിത സായാഹ്നത്തിൽ നിത്യച്ചെലവിനായ് മറ്റുള്ളവരെ ആശ്രയിക്കുന്ന അവസ്ഥ ഉണ്ടാവരുത്. മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാൻ പണം ചെലവഴിച്ചാൽ അത് നാളെ നമുക്ക് ഇരുലോകത്തും ഉപകാരപ്പെടും. വീടുണ്ടാക്കാൻ വേണ്ടി മാത്രമായല്ല നമ്മൾ ജനിച്ചത് എന്ന തിരിച്ചറിവുണ്ടാവണം. പണിതീരാത്ത വീട്ടിലേക്ക് ചേതനയറ്റ ശരീരവുമായി മടങ്ങിവരുന്ന പ്രവാസികളുടെ കദനകഥ ഇന്ന് ഒരു വാർത്തയേ അല്ല. ജീവിത ലക്ഷ്യം മറന്ന് കൊണ്ടുള്ള മുന്നോട്ട് പോക്ക് നമ്മെയും കുടുംബത്തെയും തീരാദുഖങ്ങളിലേക്ക് തള്ളിവിട്ടേക്കാം.**



ന്ന അവസ്ഥ ഇല്ലാതിരിക്കാൻ ആവശ്യമായ വരുമാന സ്രോതസ്സുകൾ ഉണ്ടാക്കാൻ നിക്ഷേപത്തിന് പ്രാധാന്യം നൽകണം. ജീവിത സായാഹ്നത്തിൽ നിത്യച്ചെലവിനായ് മറ്റുള്ളവരെ ആശ്രയിക്കുന്ന അവസ്ഥ ഉണ്ടാവരുത്. മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാൻ പണം ചെലവഴിച്ചാൽ അത് നാളെ നമുക്ക് ഇരുലോകത്തും ഉപകാരപ്പെടും. വീടുണ്ടാക്കാൻ വേണ്ടി മാത്രമായല്ല നമ്മൾ ജനിച്ചത് എന്ന തിരിച്ചറിവുണ്ടാവണം. പണിതീരാത്ത വീട്ടിലേക്ക് ചേതനയറ്റ ശരീരവുമായി മടങ്ങിവരുന്ന പ്രവാസികളുടെ കദനകഥ ഇന്ന് ഒരു വാർത്തയേ അല്ല. ജീവിത ലക്ഷ്യം മറന്ന് കൊണ്ടുള്ള മുന്നോട്ട് പോക്ക് നമ്മെയും കുടുംബത്തെയും തീരാദുഖങ്ങളിലേക്ക് തള്ളിവിട്ടേക്കാം.

വീട് നിർമാണവുമായി ബന്ധപ്പെട്ട നിരവധി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നമ്മുടെ നാട്ടിൽ നിലവിലുണ്ട്. ഇരു ലോകവും നഷ്ടപ്പെടുത്തുന്ന അത്തരം വ്യതിയാനങ്ങളിലേക്ക് വഴുതിവീഴാതെ നാം ശ്രദ്ധിക്കണം. കുടുംബത്തെ ബോധവൽകരിക്കണം.

കേരളത്തിൽ അഞ്ച് ലക്ഷത്തിലധികം ഭവനരഹിതർ ഉണ്ടെന്ന് സർക്കാർ കണക്കുകൾ പറയുന്നു. ധനം ചെലവഴിക്കുന്നിടത്ത് വിശ്വാസി സൂക്ഷ്മത കാണിക്കണം. അല്ലാഹു പറയുന്നു:

“ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ” (ക്വുർആൻ 25:67).

റസൂൽﷺ അരുൾ ചെയ്തു: “തന്റെ ആയുസ്സ് എന്തിലാണ് നശിപ്പിച്ചതെന്നും എന്തെന്തു പ്രവർത്തനത്തിലാണ് തന്റെ അറിവു വിനിയോഗിച്ചതെന്നും തന്റെ സമ്പത്ത് എവിടെ നിന്നു സമ്പാദിച്ചെന്നും എന്തിനുവേണ്ടിയാണ് ചെലവഴിച്ചതെന്നും തന്റെ ശരീരം എന്തൊന്നിലാണ് ഉപയോഗപ്പെടുത്തിയതെന്നും ചോദ്യം ചെയ്യപ്പെടാതെ അന്ത്യദിനത്തിൽ ഒരു അടിമയ്ക്കും സ്വന്തം പാദങ്ങൾ മുന്നോട്ടു വെക്കുക സാധ്യമല്ല” (തുർമുദി).

ലക്ഷങ്ങൾ ചെലവഴിച്ച് പണിയുന്ന മണിമാളികൾ നൽകുന്നതിനെക്കാൾ വലിയ സമാധാനവും സന്തോഷവും പാവങ്ങളുടെ കണ്ണീരൊപ്പുമ്പോൾ നമുക്ക് ലഭിക്കും. വൻ പ്രളയത്തിന്റെ കെടുതിയിലാണ് ഈ വർഷവും നമ്മുടെ സംസ്ഥാനം. കുത്തിയൊലിച്ചു വന്ന വെള്ളത്തിൽ ഒഴുകിപ്പോയ നൂറുകണക്കിന് വീടുകളുംമണ്ണിനടിയിലായ വീടുകളും ആളുകളും നമ്മെ ചിന്തിപ്പിക്കണം. ജീവിതത്തിന്റെ നൈമിഷികതയെ തിരിച്ചറിയാൻ ഇതൊരു പാഠമാകണം.

“എന്റെ ജനങ്ങളേ, ഈ ഐഹിക ജീവിതം ഒരു താൽക്കാലിക വിഭവം മാത്രമാണ്. തീർച്ചയായും പരലോകം തന്നെയാണ് സ്ഥിരവാസത്തിനുള്ള ഭവനം” (ക്വുർആൻ 40:39). ●

ഡോ. മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com



# തുഫൈലുബ്നു അംറ് رضي الله عنه

**തി**ഹാമ പർവതവും മറികടന്ന് തുഫൈൽ നടന്നകലുകയാണ്. മക്കയാണ് ലക്ഷ്യം. മക്കയിലാകട്ടെ മുഹമ്മദ് നബിﷺയുടെ അനുയായികൾക്കെതിരെ ക്വുറൈശികൾ അക്രമങ്ങളുടെ പരമ്പര തന്നെ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നു. അതിനായി അവർ സകലശക്തിയും സംഭരിക്കുന്നുണ്ട്. ഒരേയൊരു ലക്ഷ്യം മാത്രം; മുഹമ്മദിന്റെ പ്രബോധനം തുടരാതിരിക്കുക! മറുഭാഗത്ത് മുഹമ്മദ് നബിﷺ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചും അവനിൽ ഭരമേൽപിച്ചും മുന്നോട്ട് പോകുന്നു. കയ്യിലുള്ള കരുത്താകട്ടെ വർധിതമായ വിശ്വാസവും നിറഞ്ഞ സത്യസന്ധതയും.

ഇതിനിടയിലേക്കായിരുന്നു തുഫൈലിന്റെ കടന്നുവരവ്. ഒട്ടും നിനക്കാതെ ഈ പോരാട്ടത്തിനിടയിലേക്ക് എടുത്തുചാടേണ്ടിവരികയായിരുന്നു ദൗസ് ഗോത്രത്തിന്റെ നേതാവായിരുന്ന തുഫൈലിന്റെ ജീവിതനിയോഗം.

അദ്ദേഹം തന്നെ ആശ്ചര്യകരമായ ആ സംഭവം വിവരിക്കുന്നുണ്ട്: "ഞാൻ മക്കയിലെത്തിയപ്പോൾ ക്വുറൈശി പ്രമുഖർ എന്നെ സ്വീകരിക്കുകയും അവരുടെ വീടുകളിൽ കൊണ്ടുപോയി എല്ലാവിധ ആതിഥ്യ മര്യാദകളോടെയും എന്നെ സൽകരിക്കുക

യും ചെയ്തു. പിന്നീട് മുഴുവൻ ക്വുറൈശി നേതാക്കളും എന്റെ ചുറ്റുമിരുന്ന് മക്കയിൽ അവർ അനുഭവിക്കുന്ന പുതിയ പ്രശ്നത്തിന്റെ കാഠിന്യത എന്നെ ബോധ്യപ്പെടുത്താനാരംഭിച്ചു. അവർ പറഞ്ഞത് ഇപ്രകാരം: 'തുഫൈൽ! നീ ഞങ്ങളുടെ നാട്ടിലെത്തിയതിൽ ഞങ്ങൾ ഏറെ സന്തോഷിക്കുന്നു. പക്ഷേ, ഞങ്ങൾ വലിയൊരു പ്രതിസന്ധിയിലാണ്'.

അവർ മുഹമ്മദിനെക്കുറിച്ച് എന്നോട് പറയാനാരംഭിച്ചു: 'അയാൾ ഞങ്ങളുടെ സകല പ്രതീക്ഷകളെയും തകർത്തുകൊണ്ടിരിക്കുന്നു. ഞങ്ങൾക്കിടയിലുണ്ടായിരുന്ന ഐക്യവും യോജിപ്പും ഇല്ലാതാക്കി. ഞങ്ങൾ ഭയക്കുന്നു. ഇതിനുശേഷം അയാൾ താങ്കളുടെ ഗോത്രത്തിലേക്കും വരും. താങ്കൾക്ക് ഇന്നവർ നൽകിക്കൊണ്ടിരിക്കുന്ന സ്ഥാനവും പദവിയും ഇല്ലാതാകാനാവും അത് കാരണമാവുക. അത്കൊണ്ട് കഴിയുന്നത്ര അയാളുമായി സംസാരിക്കാതിരിക്കാൻ ശ്രദ്ധിക്കുക. അയാളുടെ വാക്കുകൾ മാസ്മരികശക്തിയുള്ളതാണ്. അവ പിതാവിനും മകനുമിടയിൽ പോലും വിള്ളലുണ്ടാക്കാൻ മാത്രം ശക്തിയുള്ളതത്രെ. ഭൂമിയിലെ കനപ്പെട്ട എല്ലാ ബന്ധങ്ങൾക്കുമപ്പുറത്ത് മനുഷ്യർ ആ ആശയങ്ങളുടെ മാസ്മരികതയിലേക്ക് ഇഴുകിച്ചേരുന്നു.' തുഫൈൽ തുടരുന്നു:

"എന്റെ ചുറ്റുമിരുന്ന് മുഹമ്മദിനെക്കുറിച്ച് അദ്ദേഹത്തിന്റെ അപരിചിതവും ഭയപ്പെടേണ്ടതുമായ ആശയങ്ങളെക്കുറിച്ച് അവർ പറഞ്ഞുകൊണ്ടേയിരുന്നു. ഒടുവിൽ ഞാൻ തീരുമാനിച്ചു; അയാളുമായി ഒരു ബന്ധവും എനിക്ക് വേണ്ട; ഞാനയാളുമായി സംസാരിക്കില്ല. അയാളിൽനിന്ന് ഒന്നും കേൾക്കാനുമാഗ്രഹിക്കുന്നില്ല".

"അടുത്ത ദിവസം, മക്കയിലെ എന്റെ പതിവുപോലെ രാവിലെ കഅ്ബ പ്രദക്ഷിണം ചെയ്യാനും അവക്ക് ചുറ്റുമുള ഞങ്ങൾ ഏറെ ആദരിക്കുന്ന വിഗ്രഹങ്ങളിൽനിന്ന് അനുഗ്രഹം തേടാനുമായി ഞാൻ പോയി. പക്ഷേ, മുഹമ്മദിന്റെ വാക്കുകളോ ആശയങ്ങളോ എന്റെ ചെവിയിലെത്തേണ്ട എന്ന് കരുതി ഇരു ചെവികളിലും പരുത്തിത്തുണികൾ തിരുകി വെക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിരിച്ചിരുന്നു. പക്ഷേ, സംഭവിച്ചത് മറ്റൊന്നായിരുന്നു. ഞാൻ കഅ്ബക്കടുത്തേക്ക് പ്രവേശിക്കുമ്പോൾ തന്നെ ഒരാൾ അതിനടുത്തുനിന്ന് നമസ്കരിക്കുന്നു. വർഷങ്ങളായി ഞങ്ങൾ നടത്തിവരുന്ന ബഹളമയമായ ആരാധനാരീതിയായിരുന്നില്ല അത്. മറിച്ച് തികച്ചും ശാന്തവും സ്വസ്ഥവുമായ ആരാധന! ആദ്യകാഴ്ചയിൽ തന്നെ അതെന്നെ ആകർഷിച്ചു. ഞാനറിയാതെ അദ്ദേഹത്തിലേക്ക് ഞാൻ അടുക്കുന്നതായും ഏതോ ഒരു ശക്തി എന്നെ അദ്ദേഹത്തിലേക്ക് പിടിച്ചുവലിക്കുന്നതായും എനിക്ക് തോന്നി. ചെവിയിൽ തുണി തിരുകിവെച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ സംസാരത്തിൽനിന്ന് അൽപം മാത്രമെ എനിക്ക് കേൾക്കാൻ സാധിച്ചിരുന്നുള്ളൂ. അതാകട്ടെ എനിക്ക് ഏറെ മാധുര്യമുള്ളതായി അനുഭവപ്പെടുകയും ചെയ്തു. ഞാൻ സ്വയം മന്ത്രിച്ചു: 'തുഫൈൽ! നിനക്ക് നാശം. നീ വിവേകമതിയായിരുന്നില്ലേ? പോരാത്തതിന് കവിത വശമുള്ളവനും. എന്നിട്ടും എന്തുകൊണ്ട് നല്ലതിനെയും ചീത്തയെയും വേർതിരിക്കാനായില്ല? എന്തുകൊണ്ട് ഇദ്ദേഹം പറയുന്നത് കേൾക്കുന്നതിൽ നിന്ന് പോലും നീ അകന്നു? നല്ലതായി വല്ലതുമുണ്ടെങ്കിൽ സ്വീകരിക്കാനും മറിച്ചായിരുന്നെങ്കിൽ തിരസ്കരിക്കാനും നിനക്കാകുമായിരുന്നില്ലേ?"

തുഫൈൽﷺ തുടരുന്നു: "കുറച്ചു കഴിഞ്ഞ് മുഹമ്മദ്ﷺ വീട്ടിലേക്ക് മടങ്ങി. ഞാനും അദ്ദേഹത്തെ പിന്തുടർന്ന് അവിടെയെത്തി. ഞാനദ്ദേഹത്തോട് പറഞ്ഞു: 'മുഹമ്മദ്! നിന്റെ ജനത നിന്നെക്കുറിച്ച് എന്നോട് കുറെ പറഞ്ഞു. അവരെന്നെ ഭയപ്പെടുത്തിയത് കാരണം നിന്റെ വാക്കുകൾ കേൾക്കരുതെന്ന് കരുതി ചെവിയിൽ തുണി തിരുകിക്കൊണ്ടാണ് ഞാൻ കഅ്ബക്കടുത്തെത്തിയത്. വളരെ കുറച്ച് മാത്രമെ എനിക്ക് താങ്കളിൽ നിന്ന് കേൾക്കാനായുള്ളൂ. താങ്കളുടെ ആശയം ഒന്ന് പങ്കുവെച്ചാലും."

അദ്ദേഹം അതെന്റെ മുന്നിൽ അവതരിപ്പിച്ചു. വിശുദ്ധ ക്വുർആനിലെ രണ്ട് അധ്യായങ്ങൾ (അൽ ഇഖ്ലാസ്, അൽ ഫലക് എന്നിവ) അദ്ദേഹമെനിക്ക് ഓതിത്തന്നു. ഹോ, എത്ര സുന്ദരം! ഇത്രയും മനോഹരമായ ഒരാശയം, ഇതിനു തുല്യമായ ഒരു ദൈവസങ്കൽപം ഞാൻ കേട്ടതോ പഠിച്ചതോ ആയ ഒരു അറേബ്യൻ ചരിത്രപാഠങ്ങളിലും ഉണ്ടായിരുന്നില്ല. ആ നിമിഷം തന്നെ ഇരുകരങ്ങളും നീട്ടി ഞാൻ ഇസ്ലാം സ്വീകരിച്ചു."

തുഫൈൽﷺ തുടരുന്നു: "കുറച്ചു കാലം കൂടി ഞാൻ മക്കയിൽ താമസിച്ചു. ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ പഠിച്ചെടുത്തു. ക്വുർആനിൽനിന്ന് സാധ്യമായത്ര മനഃപാഠമാക്കി. തുടർന്ന് സ്വന്തം നാട്ടിലേക്ക് മടങ്ങിപ്പോകാൻ തീരുമാനിച്ചു.

റസൂൽﷺയുടെ അടുക്കൽ ചെന്ന് ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാൻ എന്റെ കുടുംബാംഗങ്ങൾക്കിടയിൽ ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നവനാണ്. ഇപ്പോൾ ഞാൻ അവരുടെ അ

ടുത്തേക്ക് മടങ്ങുന്നു. ലക്ഷ്യം അവരെ സത്യദീനിലേക്ക് ക്ഷണിക്കലാണ്. അവരെ ദീനിലേക്ക് ക്ഷണിക്കാൻ ഉപയുക്തമാകുംവിധം എനിക്കൊരു ദൃഷ്ടാന്തം നൽകാൻ അങ്ങ് അല്ലാഹുവിനോട് പ്രാർഥിക്കണം'.

നബിﷺ അദ്ദേഹത്തിനുവേണ്ടി പ്രാർഥിച്ചു: 'അല്ലാഹുവേ, ഇദ്ദേഹത്തിന് ഒരു ദൃഷ്ടാന്തം നൽകേണമേ.'

തുഫൈൽ﵁ തുടരുന്നു: "അപ്രകാരം ഞാൻ എന്റെ നാട്ടിലെത്തി. ഓരോ കുടുംബവും താമസിക്കുന്ന പ്രദേശത്തെത്തുമ്പോൾ എന്റെ ഇരു കണ്ണുകൾക്കുമിടയിൽ ഒരു വെളിച്ചം രൂപപ്പെടാൻ തുടങ്ങി. ഞാൻ അല്ലാഹുവോട് പ്രാർഥിച്ചു: 'അല്ലാഹുവേ! ഇതെന്റെ മുഖത്തുനിന്നും മാറ്റിത്തരേണമേ. ഞാൻ അവരുടെ മതം ഉപേക്ഷിച്ചതിന് വന്നുപെട്ട ആപത്താണ് ഇതെന്ന് അവർ ധരിച്ചേക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു."

"അങ്ങനെ അതെന്റെ തലയുടെ ഭാഗത്തേക്ക് മാറ്റപ്പെട്ടു. ജനങ്ങൾ നോക്കുമ്പോൾ ഒരു കൊച്ചുപ്രകാശം എന്റെ തലയിൽ പ്രകാശിച്ചുകൊണ്ടേയിരിക്കുന്നു. ഞാൻ നാട്ടിലെത്തിയപ്പോൾ പിതാവ് എന്റെയടുത്തേക്ക് വന്നു. നല്ല പ്രായമുള്ളയാളായിരുന്നു അദ്ദേഹം. ഞാനദ്ദേഹത്തോട് പറഞ്ഞു: 'പിതാവേ! ഇപ്പോൾ എനിക്കും താങ്കൾക്കുമിടയില രപകടമായ വ്യത്യാസമുണ്ട്."


അദ്ദേഹം ചോദിച്ചു: 'അതെന്താണ് മകനേ?' ഞാൻ പറഞ്ഞു: 'ഞാൻ മുസ്‌ലിമാവുകയും മുഹമ്മദിനെ പിൻപറ്റുകയും ചെയ്തിരിക്കുന്നു.' അദ്ദേഹം പ്രതികരിച്ചത് 'മകനേ, നിന്റെ ആദർശം തന്നെയാണ് എനിക്കു മതിയായത്' എന്നാണ്. ഞാനദ്ദേഹത്തോട് കുളിച്ച് ശുദ്ധിയായി വരാൻ ആവശ്യപ്പെട്ടു. അദ്ദേഹം ശുദ്ധിയായി വന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ ഞാൻ അദ്ദേഹത്തിന് വിവരിച്ചുകൊടുത്തു. അദ്ദേഹം മുസ്‌ലിമായി.

പിന്നീട് എന്റെ ഭാര്യയുടെ ഊഴമായിരുന്നു. അവളോടും ഞാൻ പറഞ്ഞു; നിനക്കും എനിക്കുമിടയിൽ പ്രകടമായ വ്യത്യാസമുണ്ടെന്ന്. ഞാൻ ഇസ്‌ലാം സ്വീകരിച്ച വിവരമറിഞ്ഞപ്പോൾ അവളും അതിന് സന്നദ്ധയായി. എന്നാൽ അവളോട് കുളിച്ച് ശുദ്ധിയായി വരാൻ പറഞ്ഞപ്പോൾ 'ദൂശ്ശറഃ തടാകത്തിൽനിന്നും കുളിച്ചാൽ (ദൗസ് ഗോത്രത്തിന്റെ ഒരു ബിംബം അവിടെ സ്ഥിതിചെയ്യുന്നുണ്ടായിരുന്നു) ഇനി കുട്ടികൾക്കോ മറ്റോ വല്ല ബുദ്ധിമുട്ടും ഉണ്ടാകുമോ എന്നവൾ ആശങ്കപ്പെട്ടു. ഞാനവൾക്ക് ഉറപ്പ് കൊടുത്തു; ആ കരിങ്കല്ലിന് നമുക്കെതിരെ ഒന്നും ചെയ്യാനാവില്ലെന്ന്. അവൾ കുളിച്ചുവന്ന് ഇസ്‌ലാം സ്വീകരിച്ചു.

പിന്നീട് ഞാൻ എന്റെ ഗോത്രത്തെ നിരന്തരം ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടേയിരുന്നു. പക്ഷേ, അവർ പുറകോട്ട് പോവുകയാണുണ്ടായത്. എന്നാൽ അബൂഹുറയ്‌റ﵁ മാത്രം ഇസ്‌ലാമിലേക്ക് കടന്നുവന്നു."

തുഫൈൽ﵁ തുടരുന്നു: "അങ്ങനെ ഞാൻ റസൂൽﷺയുടെ അടുക്കൽ മക്കയിൽ എത്തിച്ചേർന്നു. എന്റെ കൂടെ അബൂഹുറയ്‌റ﵁യുമുണ്ടായിരുന്നു. റസൂൽﷺ എന്നോട് ചോദിച്ചു: 'തുഫൈൽ, കൂടെ ആരൊക്കെയുണ്ട്?' ഞാൻ പറഞ്ഞു: 'അവരുടെ ഹൃദയങ്ങൾ സത്യത്തിൽനിന്ന് ഏറെ അകലെയാണ്. നിഷേധവും അധർമവുമാണ് ദൗസുകാരെ അടക്കിഭരിക്കുന്നത്'.

ഇതു കേട്ട റസൂൽﷺ വുദുവെടുത്ത് നമസ്കരിച്ചതിനു ശേഷം ഇരുകരങ്ങളും ആകാശത്തേക്കുയർത്തി. അബൂഹുറയ്‌റ﵁ പറയുന്നു: 'ഇതു കണ്ട ഞാൻ ഭയന്നുപോയി. അല്ലാഹുവിന്റെ പ്രവാചകൻ എന്റെ ജനതക്കെതിരെയെങ്ങാനും പ്രാർഥിക്കുകയും അവർ നാശമടയുകയും ചെയ്തേക്കുമോ എന്നതായിരുന്നു എന്റെ ഭയം.'



എന്നാൽ പ്രവാചകൻﷺ പ്രാർഥിച്ചത് ഇപ്രകാരമായിരുന്നു: 'അല്ലാഹുവേ! ദൗസ് ഗോത്രത്തിന് നീ നേർവഴി കാണിക്കേണമേ.' എന്നിട്ട് തുഫൈലിനോടായി പറഞ്ഞു: 'നീ മടങ്ങിപ്പോയി ദൗസുകാരുടെ കൂടെ ജീവിച്ച് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക.' തുഫൈൽ(റ) പറയുന്നു: "ഞാൻ ദൗസുകാരിലേക്ക് മടങ്ങിപ്പോയി. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടേയിരുന്നു. ഇതിനിടയിൽ നബിﷺ മദീനയിലേക്ക് ഹിജ്റ പോകുകയും ബദ്ർ, ഉഹ്ദ്, ഖന്തക് തുടങ്ങിയ യുദ്ധങ്ങൾ നടക്കുകയും ചെയ്തിരുന്നു. ദീർഘ കാലത്തെ എന്റെ പരിശ്രമത്തിനൊടുവിൽ എന്റെ കൂടെ അടിയുറച്ചുനിന്ന എൺപതോളം കുടുംബങ്ങളുമായി ഞാൻ മദീനയിലെത്തി. നബിﷺക്ക് ഏറെ സന്തോഷമായി. ഖൈബർ യുദ്ധാർജിത സ്വത്തിൽനിന്ന് ഒരോഹരി ഞങ്ങൾക്ക് നബിﷺ അനുവദിച്ചു.

തുടർന്ന് മക്കാവിജയം വരെ റസൂൽﷺയുടെ വലംകയ്യായി പ്രവർത്തിക്കാൻ അല്ലാഹു എനിക്ക് അവസരം നൽകി. മക്കാവിജയ ഘട്ടത്തിൽ ഞാൻ പ്രവാചകനോട് പറഞ്ഞു: 'റസൂലേ! അംറുബ്നു നമമാഗോത്രത്തിന്റെ 'ദുൽകഫൈൻ' വിഗ്രഹം തകർക്കാനും കത്തിച്ചുകളയാനും അങ്ങെനിക്ക് അനുവാദം നൽകണം.' എനിക്ക് അനുവാദം തന്നു. ഞാൻ അവിടെയെത്തിയപ്പോൾ ആബാലവൃദ്ധം ജനങ്ങൾ വിഗ്രഹം തകർത്താൽ വലിയ പ്രത്യാഘാതങ്ങളുണ്ടാകുമെന്ന പേടിയോടെ അവിടെ കൂടിനിന്നു."

ബിംബാരാധകരുടെ കൺമുമ്പിൽ വെച്ച് തുഫൈൽ(റ) അതിന് തീകൊളുത്തി. ദൗസ് ഗോത്രത്തിന്റെ ആരാധനാമൂർത്തിയായിരുന്ന ബിംബം കത്തിയമർന്നപ്പോൾ അവരുടെ മനസ്സിൽ കട്ടപിടിച്ചിരുന്ന വിഗ്രഹാരാധനയോടുള്ള ആദരവുകൂടിയാണ് കത്തിയമർന്നത്. യാഥാർഥ്യം ബോധ്യപ്പെട്ട ദൗസ് ഗോത്രം ഒന്നടങ്കം ഇസ്‌ലാമിലേക്ക് കടന്നുവന്നു. ക്ഷമയോടുകൂടിയുള്ള നിരന്തര പരിശ്രമം ഫലംകണ്ടു.

റസൂൽﷺയുടെ മരണംവരെയും തുഫൈൽ(റ) അദ്ദേഹത്തിന്റെകൂടെ ജീവിച്ചു. അബൂബകർ(റ)വിന്റെ കാലത്ത് തുഫൈലും മകനും സർവായുധരായി ഖലീഫയെ അനുസരിച്ചു. കള്ളപ്രവാചകനായ മുസൈലിമക്കെതിരെയുള്ള പോരാട്ടത്തിന്റെ മുൻനിരയിൽ തന്നെയുണ്ടായിരുന്നു അദ്ദേഹവും മകൻ അംറുബ്നു തുഫൈലും.

യുദ്ധത്തിനായി യമാമയിലേക്കുള്ള യാത്രാമധ്യെ അദ്ദേഹം ഒരു സ്വപ്നം കണ്ടു. കൂടെയുള്ളവരോടത് പങ്കുവെച്ചു: "എന്റെ തല മുണ്ഡനം ചെയ്യപ്പെട്ടു. ഒരു പക്ഷി എന്റെ വായിൽനിന്നും പുറത്തേക്ക് പറന്നുപോയി. ഒരു സ്ത്രീ അവരുടെ വയറിനകത്തേക്ക് എന്നെ പ്രവേശിപ്പിച്ചു. എന്റെ മകൻ അംറ് എന്നെ അന്വേഷിക്കുന്നുണ്ടായിരുന്നു. പക്ഷേ, അവനും എനിക്കുമിടയിൽ മറയിടപ്പെട്ടു."

അവർ ഒന്നടങ്കം പറഞ്ഞു: 'ഇതൊരു നല്ല സ്വപ്നമാണെന്നു തോന്നുന്നു.' തുഫൈൽ തന്നെ മറുപടി പറഞ്ഞു: 'അല്ലാഹുവാണെ, എനിക്ക് തോന്നുന്നത് തലമുണ്ഡനം ചെയ്തതിന്റെ അർഥം എന്റെ തല കൊയ്തെടുക്കപ്പെടും എന്നായിരിക്കാം. വായിൽനിന്നും പറന്ന പക്ഷി എന്റെ ആത്മാവായിരിക്കാം. ഞാൻ കടന്നുചെന്ന സ്ത്രീയുടെ വയറ് എന്റെ ക്വബ്റുമായിരിക്കാം. ഈ യുദ്ധത്തിൽ ഞാൻ ശഹീദാകുമെന്ന് പ്രതീക്ഷിക്കുന്നു. എന്റെ മകൻ എന്നെ അന്വേഷിക്കുന്നു. അവനും ശഹാദത്തിനെയാണ് അന്വേഷിക്കുന്നതെന്നർഥം. എന്നാൽ അല്ലാഹുവിന്റെ അനുമതി പ്രകാരം അവന് പിന്നീടായിരിക്കും അതിനുള്ള വിധിയുണ്ടാവുക.'

യമാമ യുദ്ധത്തിൽ തുഫൈൽ(റ) വലിയ അർഥത്തിൽ ആക്രമിക്കപ്പെടുകയും രക്തസാക്ഷിയാവുകയും ചെയ്തു. അദ്ദേഹത്തിന്റെ മകൻ അംറ്(റ)വിന് ആക്രമണമേറ്റ് വലതുകൈപ്പത്തി മുറിഞ്ഞുവീണു. യുദ്ധശേഷം വികലാംഗനും പിതാവ് നഷ്ടമായവനുമായാണ് അദ്ദേഹം മദീനയിൽ മടങ്ങിയെത്തിയത്.

ഉമർ(റ)വിന്റെ ഭരണകാലത്ത് അംറുബ്നു തുഫൈൽ(റ) അമീറുൽ മുഅ്മിനീന്റെ അരികിലുണ്ടായിരിക്കെ ഭക്ഷണസമയമായി. കൂടെയുള്ളവരല്ലാം കൈകഴുകി തീൻമേശക്കരികെയെത്തി. അംറ് മാത്രം മാറിനിന്നു. ഉമർ(റ) ചോദിച്ചു: 'എന്ത് പറ്റി? മുറിഞ്ഞ കൈയാണോ ഞങ്ങളുടെ കൂടെ ഒരേ പാത്രത്തിൽനിന്ന് കഴിക്കാതിരിക്കാൻ താങ്കളെ പ്രേരിപ്പിക്കുന്നത്?'

അംറ്: 'അതെ അമീറുൽ മുഅ്മിനീൻ.'

ഉമർ(റ): 'അല്ലാഹുവാണെ, താങ്കളുടെ ആ കൈകൊണ്ട് ഞങ്ങളുടെ ഭക്ഷണത്തിൽനിന്നും താങ്കൾ കഴിക്കുന്നതുവരെ ഞാൻ കഴിക്കില്ല. അല്ലാഹുവാണെ, ജീവിച്ചിരിക്കുമ്പോൾ തന്നെ ശരീരത്തിന്റെ ഒരു ഭാഗം സ്വർഗത്തിലെത്തിയവർ ഇവിടെ ഞങ്ങളിലാരുമില്ല.'

യർമൂക് യുദ്ധത്തിൽ ആ മകന്നും ശഹാദത്തെന്ന വലിയ അനുഗ്രഹം അല്ലാഹു നൽകി. അദ്ദേഹം ശഹീദും ശഹീദായ പിതാവിന്റെ മകനുമാണല്ലോ! ●




ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# ലക്ഷ്യബോധമില്ലാത്തവർ

ബസ് യാത്രയിൽ അടുത്തിരിക്കുന്ന യുവാവിനെ പരിചയപ്പെട്ടു. ബിരുദവും ബിരുദാനന്തര ബിരുദവുമുള്ളവൻ. സാമ്പത്തികമായി അത്ര മെച്ചമുള്ള കുടുംബത്തിലെ അംഗമല്ല. സമ്പാദിച്ച സർട്ടിഫിക്കറ്റുകളുമായി വർഷങ്ങളായി ജോലിക്കു വേണ്ടിയുള്ള അലച്ചിലിലാണ്. അതിന്റെ നിരാശ സംസാരത്തിൽ നിഴലിച്ചിരുന്നു.

സംസാരം ആത്മീയതലത്തിലേക്കു നീണ്ടു. മതവിശ്വാസിയാണ്.. എന്നാൽ മതാചാരങ്ങളൊന്നും കൊണ്ടുനടക്കുന്നില്ല. ഇസ്‌ലാമിനെക്കുറിച്ച് വല്ലതും അറിയുമോ എന്ന ചോദ്യത്തിന് 'മുസ്‌ലിംകൾ കുറെ ആരാധനകൾ ചെയ്യുന്നു, പാവങ്ങളെ സഹായിക്കുന്നു. മരണഭയം വളർത്തി ജീവിതം ആസ്വദിക്കുന്നതിൽ നിന്ന് വിശ്വാസികളെ ഇസ്‌ലാം തടയുന്നു' എന്നായിരുന്നു മറുപടി.

ഞാൻ ചോദിച്ചു: "താങ്കളുടെ ജീവിതലക്ഷ്യമെന്ത്?".

''നല്ലൊരു ജോലി നേടിയെടുക്കണം. കുറെ കാശുണ്ടാക്കണം. ജീവിതം എന്നും ആഘോഷമായി കൊണ്ടാടണം"- അയാളുടെ ഉറച്ച മറുപടി.

ഞാൻ ചോദിച്ചു: "എത്ര കാലം ആഘോഷിക്കും?''

"മരണംവരെ."

"എന്നു മരിക്കും?"

"അതെനിക്കറിയില്ല."

ആ യുവാവിന് ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ജീവിത വീക്ഷണം പറഞ്ഞുകൊടുത്തുകൊണ്ടിരിക്കെ അയാൾക്ക് ഇറങ്ങാനുള്ള സ്ഥലമെത്തി. അയാൾ ഇറങ്ങിപ്പോയ ശേഷം ഞാൻ സ്വയം ചോദിച്ചു; ഇതേ ചിന്താഗതിയോടെ ജീവിക്കുന്ന എത്രയോ യുവാക്കൾ തങ്ങളുടെ ജീവിതം പാഴാക്കിക്കൊണ്ടിരിക്കുന്നില്ലേ?

ആധുനിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യാധിഷ്ഠിതമല്ലാത്ത രീതിയും ധാർമികതക്കും ദൈവചിന്തക്കും സ്ഥാനം നൽകാത്ത പാഠ്യപദ്ധതിയും യുവസമൂഹത്തെ അസ്തിത്വപ്രതിസന്ധിയിലകപ്പെടുത്തുകയും ലക്ഷ്യബോധമില്ലാത്തവരായി മാറ്റുകയും ചെയ്യുന്നുവെന്നതിന്റെ പ്രത്യക്ഷ തെളിവാണ് ആ യുവാവ്. മതപരമായ അറിവ് നേടാതെ ഭൗതികജ്ഞാനത്തെ മാത്രം വാരിപ്പുണർന്നുള്ള ജീവിതം ഇഹത്തിലും പരത്തിലും നാശഹേതുവാണ്. ക്വുർആൻ പറയുന്നു: "പക്ഷേ, നിങ്ങൾ ഐഹിക ജീവിതത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും" (87:16-17).




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
24 AUGUST 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## ശുദ്ധീകരണം ഇസ്‌ലാമിൽ

**ഫള്‌ലുൽ ഹഖ് ഉമരി ആമയൂർ / വില: ₹ 110**

ശുദ്ധി വിശ്വാസത്തിന്റെ ഭാഗമാണ് എന്നതാണ് മതത്തിന്റെ അധ്യാപനം. അതിനാൽ ശുദ്ധീകരണം നിർബന്ധവുമാണ്. മനുഷ്യനെ ബാധിക്കുന്ന അശുദ്ധികൾ എന്തൊക്കെ, അവയെ എങ്ങനെ ശുദ്ധീ കരിക്കും? തുടങ്ങിയ നിത്യജീവിതവുമായി ബന്ധപ്പെട്ട ധാരാളം മതവിധികളെ കുറിച്ചുള്ള ആഴത്തിലുള്ള സമഗ്ര പഠനമാണിത്. അഭിപ്രായ ഭിന്നതയുള്ള വിഷയങ്ങളിൽ പ്രാമാണിക നിലപാടുകൾ വ്യക്തമാക്കുന്നതിനാൽ വായനക്കാർക്ക് ഏറെ ഗുണപ്രദമാണ് ഈ കൃതി.




## ഖുർആൻ പാരായണ നിയമങ്ങൾ

**മുഹമ്മദ് ഷാ മൗലവി / വില: ₹ 50**

അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനിന്റെ പഠനവും പാരായണവും ഏറെ പുണ്യകരമാണ്. പാരായണത്തിന് നിരവധി നിയമങ്ങൾ ഉള്ള ഗ്രന്ഥം കൂടിയാണ് ഖുർആൻ. നിശ്ചിത നിയമത്തിലൂടെയല്ലാത്ത പാരായണങ്ങൾ ഗുരുതര അർഥ വ്യത്യാസങ്ങൾക്ക് കാരണമാവുമെന്നതിനാൽ, ഖുർആൻ പാരയണ നിയമങ്ങൾ അറിഞ്ഞിരിക്കൽ വിശ്വാസികൾക്ക് ബാധ്യതയാണ്. ഖുർആൻ പാരായണ നിയമങ്ങൾ ലളിതമായി ഈ കൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.